# ജാമക്കാരൻ
# JAMAKKARAN

VOLUME - 6 | Reg NO.TNBIL/2016/70171 | ISSUE - 10

OCTOBER - 2022 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333**



കർത്താവിൽ പ്രിയരെ,

ദൈവത്തിന്റെ കൃപ എന്നെയും വായനക്കാരായ നിങ്ങൾ എല്ലാപേരേയും കൃപയായി നടത്തുന്നത് ഓർത്ത് ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

- ☐ നിങ്ങൾ എന്നോട് കാണിച്ച സ്നേഹത്തിന് നന്ദി
- ☐ നിങ്ങൾ ദൈവവേലയ്ക്ക് അയച്ച സംഭാവനയ്ക്ക് നന്ദി
- ☐ ദൈവത്തിന്റെ കൃപ, അനുഗ്രഹം നിങ്ങൾ എല്ലാവരുടെ മേലും എപ്പോഴും ഉണ്ടായിരിക്കും.
- ☐ ദൈവകൃപയാൽ ട്രൈബൽ മിഷൻ വേല വലിയ അളവിൽ വളർന്നുവരുന്നു. ഇത് ദൈവത്തിന്റെ കൃപായാലും **ഡോ. മുരളീധർ** അവർകൾ എം.ഡിയുടെ വലിയ പ്രയത്നത്തിനാലും ആകുന്നു.

**ഡോ. മുരളീധർ** അവർക്കുവേണ്ടി വലിയ അളവിൽ നം പ്രാർത്ഥിക്കണം. അദ്ദേഹത്തിന്റെ ശരീരത്തിൽ ഉള്ള മാറാത്ത ഡയബറ്റിക്സ് രോഗവും രണ്ടു കാലുകളിൽ ഉണ്ടായ നീരും അതോടൊപ്പം കൊറോണരോഗം ബാധിച്ച ശ്വാസകോശങ്ങളും

ജാമക്കാരൻ JAMAKKARAN


Dr. **Muralidar,** M.D.

അദ്ദേഹത്തെ ബലഹീനപ്പെടുത്തിയിരുന്നതിനാലും ഒരു വിശ്രമവും ഇല്ലാതെ മറ്റ് ഡോക്ടർമാരുടെ ആലോചനയെ ലക്ഷ്യമാക്കാതെ കൊറോണരോഗം സൗഖ്യമായ ശേഷം വീണ്ടു മുകളിൽ പറഞ്ഞ രോഗവും ബലഹീനതയും ചുമന്നുകൊണ്ട് വളരെ നീണ്ട യാത്രകൾ തുടങ്ങി. 8 അല്ല 10 മണിക്കൂർ നേരം യാത്ര ചെയ്ത് **അട്ടപ്പാടി**(ആനക്കട്ടി)യിൽ നിന്ന് വടക്കിലുള്ള **വയനാടുമലക്കും ട്രൈബൽമിഷൻ** തലസ്ഥാനമായ **പെരുമ്പാവൂർ** എന്ന സ്ഥലത്തിലേക്കും യാത്ര ചെയ്തുവരുന്നത് സാധാരണവിഷയമല്ല. അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ള ദൈവവേലയെക്കുറിച്ചുള്ള ഭാരം, മിഷണറികൾ പ്രവർത്തിക്കുന്ന വയൽ പ്രദേശങ്ങൾ സന്ദർശിക്കേണ്ട ചുമതല ഇതുതന്നെ അദ്ദേഹത്തെ നീണ്ടയാത്രകൾ ചെയ്യാൻ ധൈര്യപ്പെടുത്തുന്നു.

അതേസമയം അദ്ദേഹത്തിന്റെ പ്രയത്നം വഴി **ആദിവാസി** പിള്ളേർക്കുവേണ്ടി ഉണ്ടാക്കിയതാണ് **ട്രൈബൽ മിഷൻ ബഥനി മെട്രിക്കുലേഷൻ സ്കൂൾ.** അട്ടപ്പാടിയിൽ ആരംഭിച്ച ഈ സ്കൂൾ കേരളത്തിലുള്ളവർ പുകഴ്ത്തിപ്പറയുവാൻ തക്കവണ്ണം ഉയർന്നു നിൽക്കുന്നു. ഏകദേശം ഏഴു വർഷങ്ങളായി 10 (എസ്.എസ്.എൽ.സി) എഴുതിയ കുട്ടികൾ എല്ലാം **100% പാസ്സായി.** എല്ലാ കുട്ടികളും നല്ല ഹൈമാർക്ക് സ്കോർ ചെയ്തു. ഡിസ്ട്രിക്ടിലുള്ള എല്ലാ സ്കൂളുകളെക്കാളും ഇത് മുന്നിൽ നിൽക്കുന്നു.




ഫോട്ടോയിൽ ആദിവാസി കുട്ടികളും അവരെ പഠിപ്പിച്ച ടീച്ചർമാരേയും നമുക്ക് കാണുവാൻ സാധിക്കുന്നു. ഈ സ്കൂൾ ഡിസ്ട്രിക്ടിൽ ഇത്ര ഉയരത്തിൽ ഉയർന്നു നിൽക്കാൻ **ഡോ. മുരളീധരൻ** മാത്രം കാരണമല്ല. ആ സ്കൂളിനെ ഭരിച്ചുനടത്തുന്ന **മിസ്റ്റർ. കോശി** അവർകളും പ്രിൻസിപ്പാളായ **സിസ്റ്റർ ഗ്രേസ് കോശി** അവർകളുടെയും ത്യാഗത്തിന്റെ ഫലം ആണ്. ദൈവം അവരെയും അവരോട് ചേർന്ന് പ്രവർത്തിക്കുന്ന ടീച്ചർമാരേയും അനുഗ്രഹിക്കുമാറാകട്ടെ.

ട്രൈബൽമിഷൻ സ്ഥാപകൻ എന്ന നിലയിൽ ഞാൻ അവരെ ദൈവവേലക്കാരനായി അനുഗ്രഹിക്കുന്നു.

അതോടൊപ്പം **വയനാട്** എന്ന കാട്ടുപ്രദേശത്ത് **ഡോ. മുരളി** അവർകൾ ഒരു ആശുപത്രിയും പണിതു. ആ ദൈവവേലയും വലിയ നിലയിൽ ഉയർന്നു. ഇപ്പോൾ അവിടെ **മൂന്ന് ഡോക്ടർമാർ** വനത്തിൽ നിന്നുവരുന്ന ആദിവാസികൾക്കു ശുശ്രൂഷ ചെയ്തു സഹായിക്കുന്നു. ഇതു കാരണമായി അവിടെയുള്ള ആദിവാസികൾ മിഷണറി പള്ളിയിൽ ധാരാളമായി വരാൻ തുടങ്ങി. അതിന്റെ തൊട്ടടുത്ത് മദ്യപന്മാരെ മദ്യാപനത്തിൽ നിന്ന് വിടുവിക്കാനായി **പുനരധിവാസകേന്ദ്രവും** ആരംഭിച്ചിട്ടുണ്ട്. അതിലും പ്രാർത്ഥനയോടെ ആലോചന നൽകുന്നതുകൊണ്ട് മദ്യപാനത്തിന് അടിമയായിരുന്ന ധാരാളം പേർ വിടുതൽ പ്രാപിച്ചു. അങ്ങനെ ഉള്ള പലർ യേശുവിനെ സ്വീകരിച്ചു പള്ളി ആരാധനയിൽ പങ്കുകൊള്ളുന്നു. ഈ മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം **ഡോ. മുരളീധരൻ** അവർകളുടെ നേതൃത്വത്തിൽ ജയമായി നടന്നുകൊണ്ടിരിക്കുന്നു. കർത്താവ് അദ്ദേഹത്തിന് ആയുസ്സ് നീട്ടിക്കൊടുത്തു ആരോഗ്യത്തോടെ പ്രവർത്തിക്കുവാൻ ബലവും ശക്തിയും നൽകുമാറാകട്ടെ ദൈവത്തിനു സ്തുതി.

ഡോ. മുരളീധരനുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന ഇമെയിലിൽ ബന്ധപ്പെടാവുന്നതാണ്.

email id : muralidharanikatty@gmail.com

മൊബൈൽ നമ്പർ: **9443165080**

- നിങ്ങൾ എഴുതിയ പ്രാർത്ഥകത്തുകൾ, ഇമെയിൽ എല്ലാം കിട്ടി. നിങ്ങൾക്കുവേണ്ടി തുടർന്നും ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ എഴുതിയ സാക്ഷികത്തുകളും കിട്ടി. ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ.
- നേരത്തെ ഞാൻ പറഞ്ഞതുപോലെ കൺവെൻഷനിൽ പ്രസംഗിക്കാൻ **ആഗസ്റ്റ് മാസം** മുതൽ തുടങ്ങി. ആഗസ്റ്റ് മാസം **ബാംഗ്ലൂരും** സെപ്റ്റംബർ മാസം **ചെന്നൈയിലും** ഒക്ടോബർ മാസം **മഹാരാഷ്ട്രയിലും** യോഗങ്ങൾ ഏർപ്പാട് ചെയ്തിരിക്കുന്നു. തുടർന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഞാൻ നിങ്ങൾക്കുവേണ്ടിയും തുടർന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കു മാറാകട്ടെ.

**- Dr. Pushparaj**

# ഞങ്ങളുടെ കുടുംബത്തിന്റെ സാക്ഷി



Miss Prathana Evangelin
Dr. Prabhu Singh
Mrs. Sheeba Prabhu Singh

കഴിഞ്ഞമാസം ജാമക്കാരനിൽ യിസഹാക്ക് ജീവിച്ച ദേശത്തിൽ ക്ഷാമകാലത്ത് ദൈവം യിസഹാക്കിന്റെ വിശ്വാസത്തെ വർദ്ധിപ്പിച്ച് ആരുടെ സഹായവുമില്ലാതെ ദൈവത്തിന്റെ കൃപ കൊണ്ട് അവന്റെ സ്ഥിതി ഉയർന്നു. മഴയില്ലാത്ത ആ ക്ഷാമകാലത്ത് അവൻ വിത്ത് വിതച്ചതിൽ ഫലം നൂറുമടങ്ങായി ലഭിച്ചു. ഓരോരോ ദിവസവും പണത്തിലും എല്ലാകാര്യത്തിലും അവൻ വർദ്ധിച്ച് ധനാവാനായി മാറി. യിസഹാക്ക് ദൈവത്തിൽ പ്രത്യാശിച്ചതുകൊണ്ട് അവൻ വിഗ്രഹത്തെ ആരാധിക്കുന്ന ആഹാരം കിട്ടുന്ന മിസ്രയീമിലേക്കു പോകാതെ ക്ഷാമം സംഭവിച്ച സ്ഥലത്തിൽ അവൻ അനുഗ്രഹിക്കപ്പെട്ടു എന്ന് ഞാൻ എഴുതിയത് നിങ്ങൾ വായിച്ചു.

തമിഴ്നാട്ടിൽ ഉയർന്ന പദവിയിലുള്ള ഒരു ക്രിസ്തീയ അധികാരി രാഷ്ട്രീയപാർട്ടിക്ക് ഇണങ്ങിക്കൊടുക്കാത്തതുകൊണ്ട് **തമിഴ്നാട്ടിൽ പണിഷ്മെന്റ് ഏരിയ** എന്നു പറയപ്പെടുന്ന ഒരു സ്ഥലം ഉണ്ട്. അവിടെ വെള്ളം കിട്ടുന്നത് വളരെ ബുദ്ധിമുട്ടാണ്. ഒരു അധികാരിയെ ശിക്ഷിക്കുമെങ്കിൽ ഈ സ്ഥലത്തേയ്ക്ക് അയക്കും. അങ്ങനെ ഈ ക്രിസ്തീയ അധികാരി രാഷ്ട്രീയപാർട്ടിക്ക് ഇണങ്ങിക്കൊടു ക്കാത്തതുകൊണ്ട് **രാമനാഥപുരം** എന്ന സ്ഥലത്തിലേക്ക് സ്ഥലം മാറ്റി. ആ സ്ഥലത്തിൽ ഉള്ളവരോട് ഒരു പൈസപോലും കൈക്കൂലി വാങ്ങാതെ അവരുടെ ആവശ്യങ്ങളെല്ലാം അദ്ദേഹം നിറവേറ്റിക്കൊടുത്തു. അതുകൊണ്ട് ജനങ്ങൾ ആ അധികാരിയെ വളരെ ബഹുമാനിച്ചു. അവിടെ ഓഫീസിൽ ഉള്ള പലർക്ക് പല വർഷങ്ങളായി താമസമായ പ്രമോഷൻ വാങ്ങിക്കൊടുത്തു. അതുകൊണ്ട് ഇദ്ദേഹത്തിനെ നട്ടുകാർ എല്ലാപേരും വളരെ സ്നേഹിച്ചു. തമിഴ്നാട്ടിൽ നേരത്തെ ജോലി

ചെയ്ത സ്ഥലത്തെക്കാൾ ഈ പണിഷ്മെന്റ് കിട്ടിയ സ്ഥലത്തിലാണ് നല്ല സ്വസ്ഥത ലഭിച്ചത്. രാഷ്ട്രീയക്കാർ ഇദ്ദേഹത്തെ ഉപദ്രവിക്കണം എന്നുള്ള ഉദ്ദേശത്തിലാണ് ആ സ്ഥലത്തേയ്ക്ക് മാറ്റിയത്. പക്ഷേ ദൈവം അദ്ദേഹത്തെ അതേ സ്ഥലത്തിൽ ഉയർത്തി. സമാധാനമായി അവിടെ ജീവിച്ചു. വീട്ടിൽ ചെറിയ പ്രാർത്ഥനായോഗം തുടങ്ങി. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ നിങ്ങൾ എന്നെ ഉപദ്രവിച്ചു. എന്നാൽ എന്റെ ദൈവം എന്നെ ഉയർത്തി അനുഗ്രഹിച്ചു.

ഇതു വായിക്കുന്നവർ നിങ്ങൾ ജോലി സ്ഥലത്തിൽ മേലധികാരി നിങ്ങളെ വെറുത്താലും നിങ്ങൾ ഒന്നിലും വിഷമിക്കാതെ ദൈവത്തിൽ പ്രത്യാശിച്ചു കാത്തിരുന്നാൽ നിങ്ങളെ വെറുത്ത അധികാരികൾ തന്നെ നിങ്ങളെ സ്നേഹിക്കാൻ തക്കവണ്ണം അവരെ മാറ്റും.

- പണകഷ്ടത്തിലും ക്ഷാമത്തിലുമുള്ള ദൈവവേലക്കാർ എന്റെ വീട്ടിലേക്ക് വരുമ്പോൾ ഞാൻ അവരോട് പറയുന്നത് നിങ്ങളുടെ രക്ഷ മാനസാന്തരം ശരിയായിരുന്നാൽ പണത്തിനുവേണ്ടി ക്രിസ്തീയവീടുകളെ നിങ്ങൾ സന്ദർശിക്കേണ്ട ആവശ്യമില്ല. അത് ഭിക്ഷ എടുക്കുന്നതിന് തുല്യമാണ്. അതിനെക്കാൾ നിങ്ങൾ പഠിച്ചിരുന്നാൽ അതിനുതക്കവണ്ണമുള്ള ജോലി കിട്ടിയില്ലെങ്കിലും ഒരു ചെറിയ ജോലി എങ്കിലും ചെയ്ത് കുടുംബത്തെ പോറ്റുന്നത് കർത്താവിന് ബഹുമാനമാണ്. അത് കൂലിവേല ആയാലും അഭിമാനം നോക്കാതെ വേല ചെയ്തു അതിൽ നിന്ന് കിട്ടുന്നത് കുടുംബമായിരുന്ന് പ്രാർത്ഥിച്ചു കഴിക്കുമെങ്കിൽ അതു വലിയ ആത്മസംതൃപ്തിയുണ്ടാക്കും. ആ വിഷയത്തിൽ തുടർന്ന് സാക്ഷിയോടിരുന്നാൽ ദൈവം തന്നെ തക്കസമയത്ത് നിങ്ങളെ ഉയർത്തും.
- എന്റെ കുടുംബത്തിൽ എന്റെ മരുമകന് അമേരിക്കയിൽ **ജോൺ വെസ്ളി തുടങ്ങിയ ആസ്ബറി തിയോളജി സെമിനാരി യിൽ** പഠിക്കാൻ അവസരം കിട്ടി. ആദ്യം യാത്രയ്ക്കുള്ള ചിലവും അവിടെ ചെന്ന് പഠിക്കാനുള്ള ചിലവിനുള്ള കുറച്ചുപൈസയും ഏർപ്പാടു ചെയ്തുകൊടുത്തു. എന്റെ മകളും മരുമകനോടു അമേരിക്കയിൽ പോയി. കോളേജ് ഫീസ് അടച്ചു. താമസിക്കാൻ വീട്ടുവാടകയും ആഹാരം

ഉണ്ടാക്കാനുള്ള പണവും കയ്യിലില്ല. കയ്യിലുള്ള പൈസ തീരാൻ തുടങ്ങി. അപ്പോഴാണ് അവർ രണ്ടുപേരും കുറച്ചുസമയം ജോലി ചെയ്യാൻ അനുവാദം വാങ്ങി **കെ.എഫ്.സി** എന്നു പറയപ്പെടുന്ന ഒരു പ്രസിദ്ധമായ **റെസ്റ്റോറന്റിൽ കൂലിപ്പണി** കിട്ടി. മരുമകന് കഴിക്കുന്ന ആഹാരം സപ്ലൈ ചെയ്യുന്ന ജോലിയും മകൾക്ക് ജനങ്ങൾ കഴിച്ചിട്ടുപോയ ടേബിൾ ക്ലീൻ ചെയ്യുന്ന ജോലിയും കിട്ടി. ഒരു മണിക്കൂർ ജോലി ചെയ്താൽ **16 ഡോളർ** മരുമകന് കിട്ടും. മകൾക്ക് ഒരു മണിക്കൂർ ജോലി ചെയ്താൽ **13 ഡോളർ** കിട്ടും. ആഴ്ചയിൽ മൂന്നു പ്രാവശ്യം ആ കൂലിപ്പണി ചെയ്ത് വീട്ടുവാടക അടച്ചു. ആഹാരം ഉണ്ടാക്കാനും ആവശ്യത്തിന് പണം കിട്ടി. ഈ വിവരം അറിഞ്ഞപ്പോൾ ഞങ്ങൾ ഇവിടെ നിന്നും പണം അയയ്ക്കണമോ എന്നു ചോദിച്ചു. ഇന്ത്യയിൽ നിന്ന് അമേരിക്കയിൽ പണമയയ്ക്കാൻ ധാരാളം ഫോർമാലിറ്റീസ് ഉണ്ട്. അപ്പോൾ മകളും മരുമകനും എഴുതി ഞങ്ങൾ രണ്ടുപേരും **വിശ്വാസജീവിതം ചെയ്ത് ദൈവവേലയും ചെയ്യണം** എന്നു തീരുമാനിച്ചിരിക്കുന്നു. നിങ്ങൾക്ക് ആർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്തവണ്ണം ദൈവം ഞങ്ങളെ നടത്തുന്നു എന്നു പറഞ്ഞു. ആസ്ബറി കോളേജുള്ള സ്ഥലം പല മൈൽ വിസ്താരത്തിൽ ഉള്ള സ്ഥലമാണ്. ഓരോരോ വിഷയത്തിനും പ്രത്യേകം പ്രത്യേകം കെട്ടിടത്തിൽ ക്ലാസ് നടക്കും. ഒരു ക്ലാസ്സ് കഴിഞ്ഞ് അടുത്ത ക്ലാസിൽ പോകണമെങ്കിൽ ഒരു കി.മീ പോകണം. ലൈബ്രറിയിൽ പോകണമെങ്കിൽ മൂന്ന് കി.മീ ദൂരം പോകണം. പല ദേശത്തിൽ നിന്ന് വന്നു പഠിക്കുന്നവർ എല്ലാവരും കാർ ഉപയോഗിക്കുന്നു. പക്ഷെ എന്റെ മകൾക്കും മരുമകനും കാർ ഇല്ലാത്തതുകൊണ്ട് ഒരോരോ കെട്ടിടത്തിലേക്കും നടന്നുപോകും. മൂന്നു മാസം കഴിഞ്ഞതിനുശേഷം രാവിലെ മകളും മരുമകനും കോളേജിൽ പോകാൻ വീട്ടിൽ നിന്നിറങ്ങി വാതിലിന്റെ തൊട്ടടുത്ത് ഒരു **സൈക്കിൾ** വച്ചിരിക്കുന്നത് കണ്ടു. അതിൽ ഒരു കത്ത് എഴുതിയിരിക്കുന്നത് കണ്ടു. ഇത് ഞങ്ങൾ നിങ്ങൾക്കു തരുന്ന ഗിഫ്റ്റ് ആണ്. എല്ലാവരും കാറിൽ പോകുമ്പോൾ നിങ്ങൾ മാത്രം നടന്നുപോകുന്നത് കഴിഞ്ഞ മൂന്നുമാസമായി ഞങ്ങൾ കണ്ടു. അതുകൊണ്ട് ഈ സൈക്കിൾ ഞങ്ങൾ ഗിഫ്റ്റായി തരുന്നു. അതിൽ

ആരുടെ പേരും എഴുതിയിരുന്നില്ല. സൈക്കിളിൽ രണ്ടുപേരും കൈവച്ച് ദൈവത്തെ സ്തുതിച്ചു. ആ സൈക്കിളിൽ ഡബിൾസ് ആയി പോയി കോളേജിൽ പഠിച്ചു. വിശ്വാസത്തിൽ ജീവിക്കാൻ ആഗ്രഹിച്ചവർക്ക് ദൈവം നൽകിയ ഒന്നാമത്തെ അനുഗ്രഹമാണ് ഇത്. ഏകദേശം ആറുമാസം കഴിഞ്ഞപ്പോൾ പ്രിൻസിപ്പൽ മരുമകനെ ഓഫീസിലേക്ക് വിളിച്ചു. ഇവിടെത്തെ ചാപ്പലിലേക്ക് വരുന്ന ഒരു കുടുംബം ഈ കവർ എന്റെ കയ്യിൽ തന്നു. അതിൽ ഡോളർ വെച്ച്, സൈക്കിളിൽ പോകുന്ന ഇന്ത്യൻ ദമ്പതിമാർക്ക് കാറുവാങ്ങാൻ ഇതു ഗിഫ്റ്റായി കൊടുക്കണം , ഞങ്ങളുടെ പേര് അറിയിക്കരുത് എന്നു പറഞ്ഞിരുന്നു. കാറു വാങ്ങാനുള്ള തുക അറിഞ്ഞപ്പോൾ ഇവർ ഞെട്ടിപ്പോയി. പ്രിൻസിപ്പലോട് ചേർന്ന് ആ മുറിയിൽ വച്ച് ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിച്ചു. ഉടനെ സെക്കന്റ് ഹാൻഡ് കാറുകൾ വിൽക്കുന്ന സ്ഥലത്തേയ്ക്ക് കാറുവാങ്ങാൻ പോയി. അവിടെ മൈൽകണക്കിന് പല പല കമ്പനികളുടെ കാറുകൾ നിർത്തിയിരിക്കുന്നു. പഴയ കാറുകൾ വിൽക്കുന്ന മുതലാളി, വീടിന്റെ മുകളിൽ ഒരു ടവ്വർ, അതിന്റെ മുകളിലിരുന്ന് ചുറ്റിലും ഉള്ള കാറുകളെ കൊണ്ടുകൊണ്ടിരുന്നു. ഓരോ കാറിന്റെ മേലും അതിന്റെ വില കാഡ്ബോർഡിൽ എഴുതിവെച്ചിരിക്കുന്നു. ഇവർ രണ്ടുപേരും ഓരോരോ കാറായി നോക്കി നടന്നുകൊണ്ടിരുന്നു. ഒടുവിൽ ഒരു കാർ അവർക്ക് ഇഷ്ടപ്പെട്ടു. ആ കാർ തുറന്നു ഉള്ളിലെല്ലാം നോക്കി ആ കാറിനെ രണ്ടുപ്രാവശ്യം ചുറ്റിവന്നു. ഒടുവിൽ ആ കാർ വിട്ടകന്ന് വേറെ കാറുകളെ നോക്കി. അതിൽ ഒരു കാർ തിരഞ്ഞെടുത്തു. ആ കാറിന്റെ നമ്പർ എഴുതി എടുത്ത് മുതലാളിയുടെ ടവ്വറിനടുത്തുപോയി. അമേരിക്കയിൽ ഉള്ളവർ പുതിയ കാർ വാങ്ങിയാലും രണ്ടു വർഷം ഉപയോഗിച്ച് മറ്റൊരു കാർ വാങ്ങുന്നതാണ് അവരുടെ പതിവ്. അവിടെ ഉള്ള എല്ലാ കാറും രണ്ടുവർഷം ഉപയോഗിച്ച കാറുകൾ പുതിയതുപോലെ കണ്ടീഷനായിരിക്കുന്നു. അവർ ഇഷ്ടപ്പെട്ട കാറിന്റെ നമ്പർ മുതലാളിയെ കാണിച്ചു ഇത് ഞങ്ങൾ എടുക്കാം എന്നു പറഞ്ഞു. അപ്പോൾ ആ മുതലാളി ചോദിച്ചു. നിങ്ങൾ ആദ്യം ഒരു കാറിനെ രണ്ടുപ്രാവശ്യം ചുറ്റിനോക്കി. അത് നിങ്ങൾക്കിഷ്ടപ്പെട്ടുവെന്ന് തോന്നുന്നു.

എന്നാൽ വേറൊരു കാറിന്റെ നമ്പർ നിങ്ങൾ കൊണ്ടുവന്നു. ആദ്യത്തെ കാർ നിങ്ങൾക്കിഷ്ടപ്പെട്ടുവെന്ന് തോന്നുന്നു. അവർ പറഞ്ഞു ഞങ്ങളുടെ കയ്യിലെ പണം കൊണ്ട് ആദ്യത്തെ കാർ വാങ്ങിക്കാൻ സാധിക്കയില്ല അതുകൊണ്ടാണ് വേറെ കാറിന്റെ നമ്പർ കൊണ്ടുവന്നത് എന്നു പറഞ്ഞു. നിങ്ങൾ എന്തു ജോലി ചെയ്യുന്നുവെന്ന് ആ മുതലാളി ചോദിച്ചു. അവർ പറഞ്ഞു ഞങ്ങൾ ഇന്ത്യയിൽ നിന്നുള്ളവരാണ്. ഇന്ത്യയിൽ ദൈവവേല ചെയ്യുന്നു. കൂടുതൽ പഠിക്കാനായി ഇവിടെ വന്നു. ഞങ്ങൾക്ക് കാറു വാങ്ങാനായി ഒരു കുടുംബം ഗിഫ്റ്റായി ഈ പണത്തെ തന്നതാണ് എന്നു പറഞ്ഞു. അപ്പോൾ ആ മുതലാളി നിങ്ങൾ ആദ്യം കണ്ട കാർ എടുത്തുകൊള്ളണം **അത് എന്റെ ഗിഫ്റ്റായി കരുതണം** എന്നു പറഞ്ഞ് കാറിന്റെ താക്കോലും പേപ്പറുകളും കൊടുത്തു ഒപ്പിട്ടുവാങ്ങി. രണ്ടുപേരും ഉടൻ തന്നെ ഓടിച്ചെന്ന് ആ ഉയർന്ന വിലയുള്ള കാറിനെ തൊട്ട് ദൈവത്തെ സ്തുതിച്ചു. കാർ ഓടിച്ചു കോളേജിൽ വന്നു.

കടൽ കടന്ന് ദൂരദേശത്തു ചെന്ന ഇവർ രണ്ടുപേർക്കും ബന്ധുക്കളോ സുഹൃത്തുക്കളോ ആരും ഇല്ല. ക്രിസ്തു ഇവർക്ക് നല്ല സുഹൃത്തായിരുന്നു. സൈക്കിളിൽ നിന്ന് കാറിലേക്ക് ഗിഫ്റ്റായി ഉപയോഗിക്കുവാൻ സഹായിച്ചു. ആ കാർ കണ്ട കോളേജ് വിദ്യാർത്ഥികൾ അതിശയിച്ചു. ദൈവത്തെ സ്തുതിച്ചു. മൂന്നു വർഷ വിസയിൽ പഠിത്തത്തിനുവേണ്ടി പോയ അവർക്ക് ഒരു വർഷത്തിനുള്ളിൽ തന്നെ പാസ്സായി ഡബിൾ എം.എ ലഭിച്ചു. അപ്പോൾ പഠിക്കുന്ന അവസരത്തിൽ തന്നെ സായിപ്പന്മാരുടെ ഇടയിൽ പ്രസംഗിക്കാൻ പ്രിൻസിപ്പാൾ ഇവരെ അയയ്ക്കും. കോളേജിൽ തന്നെ പല പ്രസംഗങ്ങൾ നടത്തിയതുകൊണ്ട് പ്രിൻസിപ്പാൾ മരുമകനോട് നിങ്ങൾ ഡോക്ടറേറ്റ് എടുത്താൽ നല്ലതാണ്. അടുത്ത രണ്ടുവർഷത്തെ വിസ നഷ്ടപ്പെടുത്തരുത്. രണ്ടുവർഷത്തെ ഫീസും ആഹാരവും താമസചിലവും കോളേജ് നിങ്ങൾക്ക് തരും. അങ്ങനെ പി.എച്ച്.ഡി പഠിത്തം കഴിഞ്ഞ് **ബാംഗ്ലൂരിൽ സയാക്സ്** (SAIACS) ബൈബിൾ കോളേജിൽ ലക്ച്ചററായി പ്രവർത്തിച്ചു. അപ്പോഴേ അമേരിക്കാ ദേശത്തിൽ എല്ലാ ദേശത്തിലും സായിപ്പന്മാർ ഇവരെ കൺവെൻഷന് ക്ഷണിച്ചു. സയിപ്പന്മാർക്ക് മരുമകൻ ഡോ. പ്രഭുസിംഗ്

അവർകളുടെ ഇംഗ്ലീഷും പ്രസംഗവും വളരെ ഇഷ്ടപ്പെട്ടു. ഇന്ന് അമേരിക്കയിൽ ഡോ. ഇംഗ്ലീഷും പ്രസംഗവും വളരെ ഇഷ്ടപ്പെട്ടു. ഇന്ന് അമേരിക്കയിൽ ഡോ. സാം കമലേശൻ ഡോ. തിയോഡർ വില്യംസ് എന്നിവരോടൊപ്പം ഡോ. പ്രഭുസിംഗിനെ ലോകം മുഴുവൻ ഉപയോഗിക്കാൻ തുടങ്ങി. കേരളത്തിൽ മദ്ധ്യകേരള ഡയോസിസ് കൺവെനഷനിലും കന്യാകുമാരി ഡയോസിസ് കൺവൻഷനിലും ദൈവം കൃപയായി തുടർന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. മരുമകനെ അതേ കോളേജിൽ **പ്രിൻസിപ്പലായി** ഉയർത്തുവാൻ ബോർഡ് തീരുമാനിച്ചു. ഇതുവരെ സായിപ്പന്മാർ പ്രിൻസിപ്പലായിരുന്ന കോളേജിൽ ആദ്യമായി പ്രിൻസിപ്പലായി ഒരു തെന്നിന്ത്യയിലെ തമിഴ്നാട്ടുകാരനെ പ്രിൻസിപ്പാലാക്കിയത് ദൈവത്തിന്റെ വലിയ ഉദ്ദേശമാണ്. കഷ്ടതയിൽ പണമില്ലാത്ത സമയത്ത് ദൈവത്തെ മാത്രം പ്രത്യാശിച്ച് ഉറച്ചുനിന്നതുകൊണ്ടാണ് ഈ വലിയ പദവിയും ഉയർന്ന പഠിത്തവും കിട്ടിയത്. 1 ശമു.2:30 ൽ പറയുന്നു. **എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും.** ഈ വലിയ കൃപ മകൾക്കും മരുമകനും ലഭിച്ചതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വായനക്കാർ ഇവരുടെ ദൈവവേലയ്ക്കുവേണ്ടി തുടർന്നു പ്രാർത്ഥിക്കണം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**SAIACS Bible College:-** ഡോ. പ്രഭുസിംഗ് പ്രിൻസിപ്പലായി വന്നശേഷം MA MDIV ഇങ്ങനെയുള്ള വലിയ പഠിത്തങ്ങൾക്ക് കോളേജിൽ വരാതെ ഓൺലൈനിലും സൂമിലും പഠിക്കാൻ ഏർപ്പാട് ചെയ്തിരിക്കുന്നു. ഈ ഡിഗ്രികളെല്ലാം ചെന്നൈയിൽ വിലയ്ക്കുവാങ്ങുന്നതുപോലെയല്ല. കോളേജിൽ പഠിക്കുന്നതുപോലെ മൂന്നു വർഷം പഠിച്ച് അംഗീകാരം ലഭിച്ച പഠിത്തമാണ് ഇപ്പോൾ ഓൺലൈനിൽ ആരംഭിച്ചിരിക്കുന്നത്. അച്ചനോ സുവിശേഷകനോ ദൈവവേലയ്ക്കുവേണ്ടി മാത്രം പഠിക്കുന്ന പഠിത്തമല്ല. ദൈവവേല ചെയ്യുന്നവർക്ക് ഈ ഡിഗ്രി കോഴ്സ് ചെയ്താൽ ബൈബിൾ ചരിത്രങ്ങളെ രഹസ്യങ്ങളെ അറിയാൻ സാധിക്കും. ഒരു മെഡിക്കൽ ഡോക്ടർ, ഒരു ബിസിനസ്സ് ഓണർ, ഒരു കോളേജ് അദ്ധ്യാപകൻ ആർക്കും ഈ പഠിത്തം പഠിക്കാൻ ആഗ്രഹമുണ്ടെങ്കിൽ താഴെപ്പറയുന്ന വിവരണങ്ങളെ വായിച്ച് ആ അഡ്രസ്സിൽ ബന്ധപ്പെട്ടാൽ വിവരങ്ങൾ അറിയാൻ സാധിക്കും.

# SIGNIFICANT HIGHLIGHTS OF SAIACS

## PG DIPLOMA / MA / MDIV ONLINE

*An Exciting opportunity to Earn a Professional Docoral Degree*

**DOCTOR OF MINISTRY (DMIN)**

in three years without leaving your Work or Ministry

**INTAKES : JANUARY & JUNE**

***1. Research Based Contextually Relevant Courses***

Equips you to dive deeper into your area of Ministry Expertise

**2. Globally Acclaimed Professors**

Faculty Comprises of Indian and Overseas scholars. most of them with terminal degress (Ph.D) in their area of specialization.

**3. Financially Affordable cost**

A very reasonable fee which can be paid in multiple instalments. Scholarship upto Rs. 30,000 available for eligible candidates.

**4. Unique Blended Hybrid Learning Modes including**

Synchronous sessions through Zoom
Asynchronous learning through Moodle
Brief Residental Classes on Campus

**5. Cohort Learning**

To facilitate team building and group learning

**SIX SPECIALIZATIONS**

| | | |
|---|---|---|
| BIBLICAL STUDIES | LEADERSHIP | CHRISTIAN COUNSELLING |
| APOLOGETICS | THEOLOGICAL STUDIES | THEOLOGICAL LIBRARIANSHIP |

**BE ON TRACK TO EARN A DOCTORATE DEGREE (DMIN)**

**PG DIPLOMA** (10 Modules) → **M.A.** (20 Modules (PGDip + 10)) → **MDIV** (32 Modules (MA + 12)) → **5 Years of** Ministry Involvement → **DMIN**

*Opportunity to visit the Campus for a discounted rate for a maximum of 2 weeks (Optional)*

*For more Information Contact :*

**ONLINE PROGRAM MANAGER**

**SOUTH ASIA INSTITUE OF ADVANCED CHRISTIAN STUDIES (SAIACS)**

**# 363, Doddagubbi Cross Road, Kothanur Post, Bengaluru - 560 007, India**

Mob: +91 9606100303 E-mail : dminstudies@saiacs.org

# അർത്ഥമുള്ള ജീവിതം

എം.വി. ബർണാഡ് ഷാ, (ചെന്നൈ)

ഒരു ദിവസം ഞാൻ മദ്രാസ് യൂണിവേഴ്സിറ്റി പഠനം കഴിഞ്ഞു നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. വേലൂർ ബസ്സ്റ്റാൻഡിൽ നിന്നും എന്റെ ഗ്രാമത്തിൽ പോകുന്ന ബസിനുവേണ്ടി ഞാൻ കാത്തിരുന്നു. അപ്പോൾ എന്റെ മനസ്സ് വിഷമിപ്പിക്കുന്ന ഒരു സംഭവം ഞാൻ അവിടെ കണ്ടു. അത് വൈകിട്ട് ആറു മണിയായിരിക്കും. ഇരുപതു വയസ്സുമാത്രം പ്രായമുള്ള ദമ്പതിമാർ ബിഗ്ഷോപ്പർ കൈയ്യിൽ പിടിച്ച് എന്റെ അടുത്തുവന്നു നിന്നു. ആ സഹോദരി ഇടുപ്പിൽ ഒരു കുഞ്ഞിനെ എടുത്തിരുന്നു. വളരെ സാധുവായ ഒരു കുടുംബമായി തോന്നി. കുറച്ചുസമയം കഴിഞ്ഞ് ഭാര്യയും ഭർത്താവും തമ്മിൽ ഭയങ്കര വഴക്കുണ്ടായി. അവൾ കരഞ്ഞു ഭർത്താവു അവളെ ഭയങ്കര തെറിവിളിയും കഴിഞ്ഞ് അവൻ പോയി. അവളും ആ കുഞ്ഞും ഒറ്റയ്ക്കായി. ഒരു ചെറിയ പെൺകുട്ടിയേയും കയ്യിൽ പിടിച്ചിരുന്നു വളരെ നേരം അവർ കരഞ്ഞുകൊണ്ടിരുന്നു. കുഞ്ഞുങ്ങൾ വിശന്നുകരയാൻ തുടങ്ങി. അവരുടെ കയ്യിൽ പൈസ ഇല്ലാ എന്നെനിക്ക മനസ്സിലായി. ഞങ്ങൾ നിന്നതിന്റെ അടുത്ത് തറയിൽ തുണിവിരിച്ച് പഴം വിറ്റുകൊണ്ടിരുന്ന പാവപ്പെട്ട ഒരു സ്ത്രീ ഇവരുടെ വഴക്ക് എല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. അതിനുശേഷം പഴം വിൽക്കുന്ന സ്ത്രീ, കരഞ്ഞുകൊണ്ടിരിക്കുന്ന സ്ത്രീയോട് എന്താണ് സംഭവം എന്നുചോദിച്ചു. അവളുടെ പ്രേമകഥ തുടങ്ങി ബന്ധപ്പെട്ട കാര്യമെല്ലാം ഇപ്പോൾ കരഞ്ഞുകൊണ്ടിരിക്കുന്നതുവരെ സംഭവിച്ച കാര്യമെല്ലാം അവര പറഞ്ഞു. മാതാപിതാക്കൾ ബന്ധുക്കൾ എല്ലാപേരെയും വിട്ടിട്ട് ഇവന്റെ പിന്നാലെ വന്നവളാണ്. ഭർത്താവും അവളെ ഉപേക്ഷിച്ചു. ഒരു മണിക്കൂർ സമയമായി . കുഞ്ഞുങ്ങൾക്കു വിശക്കുന്നു. എന്തുചെയ്യും ഭിക്ഷയെടുത്ത് പരിചയമില്ലാത്ത സാധാരണ കുടുംബത്തിലുള്ള സ്ത്രീയായി അവൾ കാണപ്പെട്ടു. രാവിലെ മുതൽ ഞാനും കുഞ്ഞുങ്ങളും ഒന്നും കഴിച്ചിട്ടില്ല. ഉച്ചയ്ക്കും ഒന്നും കഴിച്ചില്ല. വീട്ടിൽ ചെന്നിട്ടു കഴിക്കാം എന്നുപറഞ്ഞു കൂട്ടിക്കൊണ്ടുവന്നു. ആ പഴം വിൽക്കുന്ന സ്ത്രീ പാവപ്പെട്ടവൾ ആണെന്ന് അവളുടെ കീറിയ വസ്ത്രം

കണ്ടാൽ മനസ്സിലാകും. പക്ഷെ ആ സ്ത്രീ സാധുവായ സ്ഥിതിയി ലായിട്ടും അവൾ പെട്ടെന്ന് എണീറ്റുചെന്നു. വണ്ടിയിൽ ദോശ വിൽക്കുന്ന കടയിൽ ചെന്ന് രണ്ട് ദോശപ്പൊതി വാങ്ങി കുട്ടികൾക്ക് രണ്ടുപേർക്കും അവൾ കൊടുത്തു. ദോശ കിട്ടിയ ഉടനെ ആ കുഞ്ഞുങ്ങൾ കഴിക്കുന്നതു കണ്ടപ്പോൾ ഭയങ്കര വിശപ്പിൽ ആ കുഞ്ഞുങ്ങൾ ഉണ്ടായിരുന്നതായി എനിക്ക് മനസ്സിലായി. ഈ സന്ദർഭത്തിൽ ഞാൻ ശ്രദ്ധിച്ചത് എന്തെന്നാൽ ആ പഴം വിൽക്കുന്ന സ്ത്രീയും ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയും സാധുവാണ്. ഇവരാരും തമ്മിൽ പരിചയമില്ല. ഒരു ബന്ധവുമില്ലാത്ത ആ പഴം വിൽക്കുന്ന സ്ത്രീ മറ്റേ സ്ത്രീയോട് കാണിച്ച മനസ്സലിവും തന്റെ കയ്യിലുള്ള ചെറിയ പൈസയിൽ നിന്ന് ദോശ കുഞ്ഞുങ്ങൾക്കു വാങ്ങിക്കൊടുത്ത, അവളുടെ കാരുണ്യം അവളുടെ ഹൃദയത്തിന്റെ വലിപ്പം എനിക്കു മനസ്സിലായി. അവൾ ക്രിസ്തുവെ അറിയാത്തവളാണ്. പക്ഷെ അവളുടെ പ്രവർത്തി എന്റെ മനസ്സിനെ സ്പർശിച്ചു. ദൈവത്തെ അറിയാത്ത ഒരു സാധാരണ സാധു സ്ത്രീ മറ്റൊരു സാധു സ്ത്രീയെ കണ്ടപ്പോൾ അവർ കാണിച്ച സ്നേഹം, മനസ്സലിവ് ഇത് അറിയുന്ന നമ്മുടെ ജീവിതത്തിൽ ദൈവത്തെ അറിഞ്ഞ നമ്മുടെ ജീവിതം എത്ര അർത്ഥമുള്ളതായിരിക്കണം.

## ഫലം കൊടുക്കുന്ന ജീവിതം

എല്ലാ മനുഷ്യരാലും ഫലം കൊടുക്കാൻ സാധിക്കും. പക്ഷെ അത് എങ്ങനെയുള്ള ഫലം അതിലാണ് അർത്ഥമുള്ളത്. കർത്താവിൽ നിലനിൽക്കാത്തവർ എത്ര ഫലം കൊടുത്താലും ആ ഫലം കയ്പായിതന്നെ ഇരിക്കും. നാം നിലനിൽക്കുന്നത് ഏതുവിധമായിട്ടുള്ള വൃക്ഷത്തിലാണ് എന്നുള്ളതു ഓരോരോ പ്രാവശ്യവും മനസ്സിലാക്കണം. മുന്തിരിവള്ളിയിൽ നാം ചേർന്നിരുന്നാൽ രുചിയുള്ള ഫലം കിട്ടും കൈപ്പുള്ള മരത്തിന്റെ ശിഖരമായിരുന്നാൽ എന്തുകിട്ടും? കൈപ്പുള്ള ഫലം തന്നെ. അതുകൊണ്ട് നാം എങ്ങനെയുള്ള ചെടിയിൽ നിന്ന് മുളച്ചിരിക്കുന്നു എന്നുള്ളതാണ് പ്രധാനം. അതുകൊണ്ട് യേശു പറഞ്ഞു ഞാൻ മുന്തിരിവള്ളിയാകുന്നു. എന്നിൽ നിന്ന് മുളച്ചിരിക്കുന്നവർ നല്ല ഫലം കൊടുക്കും. ഇത് വായിക്കുന്ന നാം ഏതു തരത്തിലുള്ള ഫലം കൊടുക്കും മധുരമുള്ളതോ? കൈപ്പുള്ളതോ?

## അർഥമുള്ള ജീവിതം എന്നാൽ എന്ത്?

അർത്ഥമുള്ള ജീവിതം സ്വാർത്ഥതയുള്ള ജീവിതമല്ല. അതു മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതാണ്. തമിഴിൽ ഒരു പാട്ടുണ്ട്. ശിഷ്യൻ എന്നുള്ളവൻ ഗുരുവിനെപ്പോലെ തനിക്കായി വാഴാതെ തന്നെതന്നെ അവൻ തരും എന്ന് ആ പാട്ടിൽ പറയുന്നു. നമ്മുടെ ഗുരുവായ യേശുവും രാജാവായി ഇരുന്നിട്ടും നമുക്കുവേണ്ടി തന്റെ സ്ഥാനത്തെ താഴ്ത്തിയല്ലോ? യേശുക്രിസ്തുവിനെക്കാളും നാം ഉയർന്നവരോ അല്ലല്ലോ? ഒരു പഴത്തെ ഒരാൾ തനിച്ചിരുന്ന് കഴിക്കുന്നതിനെക്കാൾ പലരോടും പങ്ക് വെച്ചു കഴിക്കുമ്പോൾ അത് നാക്കിലും മനസ്സിലും രുചികരമായി മാറുന്നു. നമുക്കും അതിൽ പങ്ക് ചേർന്നവർക്കും അത് രുചികരമായിരിക്കും. നമ്മുടെ ജ്ഞാനമോ, താലന്തോ, പണമോ, വിദ്യാഭ്യാസമോ ആർക്കും പ്രയോജനപ്പെടാതെ പോയാൽ നാം അത് പഠിച്ചുജയിച്ചിട്ട് എന്തു പ്രയോജനം? നല്ല ആശയങ്ങൾ ഉള്ള പുസ്തകത്തെ വാങ്ങി അലമാരയിൽ പൂട്ടിവെച്ചാൽ അത് ആർക്ക് പ്രയോജനം? മുകളിൽ പറഞ്ഞതുപോലെ നാം പ്രവർത്തിച്ചാൽ നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകുമോ? നാം കൂടുതൽ രുചിയുള്ള ഫലം കൊടുക്കുമ്പോൾ ദൈവത്തിന്റെ വെളിച്ചമായിരിക്കുന്നു. ആ വെളിച്ചം നമ്മുടെ ജീവിതത്തിനു മാത്രമല്ല മറ്റുള്ളവരുടെ ജീവിതത്തിനും വെളിച്ചം കൊടുക്കണം. ആ വെളിച്ചം അവരുടെ ജീവിതത്തിനും നല്ല രുചികരമായ ഫലം കൊടുക്കുന്നതിന് കാരണമാകണം. ഇതിന് നമ്മുടെ ദൈവത്തോട് നമുക്ക് അപേക്ഷിക്കാം. നമുക്ക് ഈ ലോകത്തിൽ കൊടുക്കപ്പെട്ടിട്ടുള്ള ഒരേ ഒരു ജീവിതത്തിൽ ദൈവത്തിന് അർത്ഥമുള്ള തായി ജീവിച്ച് മറ്റുള്ളവരുടെ ജീവിതത്തെയും അർത്ഥമുള്ളതാക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ആസ്ട്രേലിയയിൽ നിന്ന് വന്ന് ഒറീസ്സയിലെ ജനങ്ങൾക്ക് തന്റെ ജീവിതത്തെ ചിലവാക്കി, ആ സ്ഥലത്തിൽ പാർത്തിരുന്ന ചിലർ മുഖാന്തിരം കൊല്ലപ്പെട്ട ഗ്രഹാംസ്റ്റെയിൻസ്, അദ്ദേഹത്തിന്റെ ഉയർന്ന ജീവിതം എവിടെ? നമ്മുടെ ജീവിതം എവിടെ? അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിൽ ആസ്ട്രേലിയയിൽ സൗകര്യമായി ജീവിക്കാമായിരുന്നു. നാം നമ്മുടെ സ്ഥാനത്തിൽ ഇരുന്ന് നാം മാത്രം സന്തോഷം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഗ്രഹാം സ്റ്റെയിൻസ് എവിടെ? നാം എവിടെ എന്തു ചെയ്യാൻ പോകുന്നു? അർത്ഥമുള്ള ജീവിതം ജീവിക്കുവാൻ നാം നമ്മെ സമർപ്പിക്കണം.

# ദൈവവേല ആരംഭിക്കാനുള്ള പ്രശ്നം

(ഡോ. ലില്ലിയൻ സ്റ്റാൻലി)



Dr. Lilian Stanly, M.B.B.S., D.C.H.,

ഞാൻ എപ്രകാരം ഫീൽഡ് ഒറീസ്സ പദ്ധതി ആരംഭിച്ചു എന്നതിനെക്കുറിച്ച് പങ്കുവയ്ക്കുന്നതിന് ഒരു യുവജനയോഗത്തിൽ എന്നെ ക്ഷണിച്ചപ്പോൾ ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു. നിരവധി പേർക്ക് ദൈവത്തെ ശുശ്രൂഷിക്കുന്നതിന് ആഗ്രഹമുണ്ടെങ്കിലും അത് എങ്ങനെയെന്ന് അവർക്കറിയില്ല. അതുകൊണ്ട് എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, എപ്രകാരം എല്ലായ്പ്പോഴും ക്രിസ്തുവിനുവേണ്ടി സാക്ഷിയാകുന്നതിനെക്കുറിച്ചും അതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിക്കുന്നതിനെക്കുറിച്ചും പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളും അത്തരത്തിലുള്ള ഒരു വ്യക്തിയാണെങ്കിൽ നിങ്ങൾ ഇപ്പോൾ തന്നെ ഇപ്രകാരം ആരംഭിക്കാൻ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് പറയുന്നതുപോലെ, **സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം നമുക്ക് കാലിന് ചെരുപ്പാക്കാം** (എഫെ. 6:15)

**ഭവനത്തിലെ ശുശ്രൂഷ**

ശുശ്രൂഷ ആരംഭിക്കുന്നതിനുള്ള ആദ്യപടി യെരുശലേമിൽ സാക്ഷിയാകുക എന്നതാണ്. അതായത് നാം ആയിരിക്കുന്ന സ്ഥലത്ത് നിങ്ങളുടെ **ഭവനത്തിൽ** വരുന്ന ഏതൊരു വ്യക്തിയോടും സാക്ഷിയായിരിക്കണം. ഭവനത്തിൽ തന്നെ നല്ല ലഘുലേഖകളും, പുതിയ നിയമങ്ങളും ഉണ്ടായിരിക്കണം. അത് കച്ചവടം പോലെയാകരുത്. പത്രക്കാരൻ, പോസ്റ്റ്മാൻ, യാചകൻ, പച്ചക്കറി വിൽപ്പനക്കാരൻ, ഓട്ടോ ഡ്രൈവർ എന്നിങ്ങനെ ആര് നിങ്ങളുടെ ഭവനത്തിൽ വന്നാലും അവരെ വന്ദനം ചെയ്ത് ''സുഖമാണോ?'' എന്ന് അന്വേഷിക്കുക. അവർക്ക് വായിക്കാൻ താൽപര്യമുണ്ടോ എന്നു ചോദിച്ച് ഒരു ലഘുലേഖ നൽകുക.

സുവിശേഷത്തിന്റെ പേരിൽ നിങ്ങൾ മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുമ്പോൾ, യുവാക്കളായവർ സൂക്ഷിക്കണം എന്നു പറയേണ്ടതില്ലല്ലോ.

നിങ്ങളുടെ ശുശ്രൂഷയിൽ നാണമാണ് മുഖ്യശത്രു. ക്രമേണ അതിനെ അതിജീവിക്കാൻ ശ്രമിക്കുക. യേശു പറഞ്ഞു, **"ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും"**(മർ. 8:38)

**സൺഡേ സ്കൂൾ**

ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ എന്റെ ശുശ്രൂഷ ആരംഭിച്ചു. എന്റെ ഒരു ആന്റിയുടെ പ്രേരണയാൽ ഞാൻ സൺഡേ സ്കൂൾ ടീച്ചറായി. അത് ഒരു വലിയ അനുഭവമായിരുന്നു. സൺഡേ സ്കൂളിൽ പഠിപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചാൽ അത് ദയവായി സ്വീകരിക്കുക. അത് ചെറുതായി കാണരുത്. ദൈവത്തിന്റെ ദൃഷ്ടിയിൽ കുഞ്ഞുങ്ങൾ വളരെ വിലപ്പെട്ടവരാണ്.

**ക്യാമ്പസ് ശുശ്രൂഷ**

അതിനുശേഷം ഞാൻ മെഡിക്കൽ കോളേജിലേക്ക് വന്നു. എന്റെ സഹപാഠികളോടും രോഗികളോടും ശുശ്രൂഷ ചെയ്തു. 5 വർഷങ്ങൾക്കുശേഷം ഒരു സഹപാഠിയെങ്കിലും ക്രിസ്തുവിലേക്ക് നയിക്കുന്നതിന് ഞാൻ പ്രാർത്ഥിക്കാൻ ആരംഭിച്ചിരുന്നു. എന്തൊരു അത്ഭുതം! പെട്ടെന്ന് ഒരു വ്യക്തി എന്നെ വിളിച്ച് ഇപ്രകാരം പറഞ്ഞു. "ലില്ലിയൻ നമുക്ക് ഒരുമിച്ചു കൂടുന്നതിന് ആലോചിക്കുന്നു താങ്കൾ വരണം" ഞാൻ പോയി എന്റെ ഊഴം വന്നപ്പോൾ, ഞാൻ മൈക്കിന്റെ അടുക്കൽ പോയി കർത്താവിനെ ശുശ്രൂഷിച്ചു. ഗംഭീരമായ കരഘോഷമായിരുന്നു. പിന്നീടുണ്ടായ കൂടിവരവിൽ പുതിയ നിയമങ്ങളും ലഘു പുസ്തകങ്ങളും ഞാൻ അവർക്ക് നൽകി. ഇപ്പോൾ ഞങ്ങൾ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് സ്വീകരിക്കുകയും ഇടയ്ക്കിടയ്ക്ക് ചെറിയ സുവിശേഷ സന്ദേശം അതിൽ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. മൊബൈലിന്റെ സഹായത്തോടെ ഒരു പെൺകുട്ടിയെ രക്ഷയിങ്കലേക്ക് നയിക്കാൻ കഴിഞ്ഞു.

**പ്രയർ സെൽ**

ഞാൻ വിവാഹം കഴിച്ച് വെല്ലൂരിലെത്തിയപ്പോൾ ഞാൻ ഒരു

സുഹൃത്തമായി ചേർന്ന് പ്രാർത്ഥിക്കാൻ ആരംഭിച്ചു. ഞാൻ എന്റെ സുഹൃത്തുക്കളെയും അവൾ അവളുടെ സുഹൃത്തുക്കളെയും അവർ അവരുടെ സുഹൃത്തുക്കളെയും ക്ഷണിക്കുകയും 30 അംഗങ്ങളുടെ പ്രയർ സെല്ലായി മാറുകയും ചെയ്തു. അവർ രക്ഷിക്കപ്പെട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചു.

**ഭവന സന്ദർശനം**

എന്റെ മറ്റൊരു സുഹൃത്തിനൊപ്പം വെല്ലൂരിൽ ഞാൻ തെരുവിലൂടെ നടന്ന് വാതിലുകൾ മുട്ടുമായിരുന്നു. ഞങ്ങളെ ക്ഷണിച്ചവരുടെ ഭവനങ്ങളിൽ സുവിശേഷം പങ്കുവെയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് **ബ്ലസ്സിംഗ് യൂത്ത് മിഷൻ** (BYM) എനിക്കൊരു സൈക്കിൾ നൽകുകയും മൂന്നു വയസ്സു പ്രായമുള്ള എന്റെ മകളോടൊപ്പം വെല്ലൂരിന് ചുറ്റും സന്ദർശിക്കുകയും ചെയ്തു. ആ സമയത്ത് അനേകർ രക്ഷിക്കപ്പെട്ടു. പരിശുദ്ധാത്മാവിനെയും പ്രാപിച്ചു. ദൈവത്തിന് മഹത്വം!

പലരും ശുശ്രൂഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ അവർ അൽത്താര, ജനക്കൂട്ടം, വിമാനം എന്നിവയെക്കുറിച്ച് ചിന്തിക്കുന്നു. അത് ഒരിക്കലും പ്രായോഗികമല്ല. നിങ്ങൾക്കുള്ളതുവച്ച് നിങ്ങൾ ആരംഭിക്കുക. ചെറിയ കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തരാണെങ്കിൽ ദൈവം വൻകാര്യങ്ങളെ നിങ്ങളുടെ കൈകളിൽ ഏൽപ്പിക്കും. അതുകൊണ്ട് അടുത്ത ഭവനത്തിലേക്ക്, ഗ്രാമത്തിലേക്ക് അല്ലെങ്കിൽ സർക്കാർ ആശുപത്രിയിലേക്ക് പോയി പാവപ്പെട്ട രോഗികളെ സഹായിക്കുകയും ഭക്ഷണവും മരുന്നും വാങ്ങി നൽകുകയും ചെയ്യുക.

**സ്ഥാപനങ്ങൾ**

ശുശ്രൂഷിക്കാൻ എനിക്ക് വലിയ ആഗ്രഹമുണ്ട്, എന്നാൽ പ്രസംഗിക്കാൻ ആരും എന്നെ ക്ഷണിക്കുന്നില്ല. ക്ഷണിക്കപ്പെടാത്ത സ്ഥലങ്ങളിൽ പോയി പ്രസംഗിക്കുവാൻ ദൈവം എന്നോടു പറഞ്ഞു. (**എപ്പോഴൊക്കെ 'ദൈവം എന്നോടു പറഞ്ഞു' എന്നു ഞാൻ പറയുമ്പോൾ, ദൈവം എന്റെ ഉള്ളിൽ പറഞ്ഞു** എന്നാണ്, ഉച്ചശബ്ദത്തിൽ പറഞ്ഞു എന്നല്ല അർത്ഥമാക്കേണ്ടത്). സ്ത്രീകളെയും പെൺകുട്ടികളെയും സംരക്ഷിക്കുന്ന ഒരു സ്ഥാപനത്തെക്കുറിച്ച് ഞാൻ കേൾക്കുകയുണ്ടായി. അത് ഒരു സർക്കാർ ഭവനമായിരുന്നു. അവർ എന്നെ അനുവദിക്കുമോ? സൂപ്രണ്ടിനെ കാണുന്നതിന് ഞാനും പോയി

വരിയിൽ നിന്നു. എന്റെ ഊഴവം വന്നപ്പോൾ ഞാൻ അകത്തു പ്രവേശിച്ചു. ഉടൻ സൂപ്രണ്ട് എഴുന്നേറ്റു എന്നെ വന്ദനം ചെയ്ത് ഇപ്രകാരം പറഞ്ഞു. "ഞാൻ മധുരയിൽ നിന്നും സ്ഥലം മാറി വന്നതാണ്. ഈ പെൺകുട്ടികളോട് സംസാരിക്കുന്നതിന് ഞാൻ താങ്കളെ ക്ഷണിക്കാൻ ആലോചിക്കുകയായിരുന്നു. താങ്കൾ വന്നതിൽ വളരെ സന്തോഷം". ഞാൻ എന്താണ് കേട്ടത് എന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. മറ്റ് വിശ്വാസത്തിലുള്ള നിരവധി പെൺകുട്ടികൾ ക്രിസ്തുവിനെ അറിഞ്ഞ് രക്ഷിക്കപ്പെട്ടു. പരിശുദ്ധാത്മാവിനെയും പ്രാപിച്ചു.

അവിടെവച്ച് ആൺകുട്ടികൾക്കും ഇതുപോലൊരു ഭവനം ഉള്ളതായി അറിഞ്ഞു. അവിടെയും ദൈവം അത്ഭുതം പ്രവർത്തിക്കുമോ? ഞങ്ങൾ പ്രാർത്ഥനയോടെ കടന്നുപോയി. കെയർടേക്കർ മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. അവർ പറഞ്ഞു. "അമ്മേ എന്റെ സ്വപ്നത്തിൽ ഞാൻ താങ്കളെ കണ്ടു. ഞാൻ വയറുവേദനയായി ആശുപത്രിയിൽ വന്നു. താങ്കൾ എന്നെ പരിശോധിച്ചു. ഇപ്പോൾ ഞാൻ സുഖമായിരിക്കുന്നു. ദയവായി വന്ന് ആൺകുട്ടികളോട് സംസാരിക്കുക!'' ദീർഘകാലം അവിടെ ഞങ്ങൾ ഫലവത്തായ ശുശ്രൂഷ ചെയ്തു, പിന്നീട് ആ സ്ഥലത്തെ ഒരു മിഷനറിക്ക് കൈമാറി.

നാം ദൈവശക്തിയിൽ വിശ്വസിക്കാതെ ദൈവശക്തിയെക്കുറിച്ച് പ്രസംഗിക്കുന്നു. പ്രാർത്ഥിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ഒരു സമയമുണ്ട്. കർത്താവിന്റെ ശക്തിയിൽ വിശ്വസിച്ചുകൊണ്ട് മുന്നേറുക. അത്ഭുതം ഒന്നും സംഭവിക്കുന്നില്ലെങ്കിൽ മറ്റൊരു സ്ഥലത്തേയ്ക്ക് പോവുക. വൃദ്ധസദനങ്ങൾ, അന്ധവിദ്യാലയങ്ങൾ, ബധിര-മൂക വിദ്യാലയങ്ങൾ, അനാഥാലയങ്ങൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങ ളിലേക്ക് പ്രാർത്ഥനയോടെ പോകുക.

**വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ**

ഈ സമയം ഞങ്ങൾ വീട് മാറിയതിനാൽ വീട്ടിലെ പ്രാർത്ഥന നിന്നുപോയി. എന്നാൽ അവർ എല്ലാവരും സാക്ഷികളായി മാറുകയും അവരുടെ സ്വന്തം ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. ഈ പുതിയ സ്ഥലത്ത് എനിക്ക് ധാരാളം സമയം ലഭിച്ചതിനാൽ അവർ എന്നെ പ്രയോജനപ്പെടുത്തുന്നതിനുള്ള വഴികൾ ഞാൻ ആലോചിച്ചു. ഒരു ദിവസം

ഒരു കുട്ടി തന്റെ മൃഗങ്ങളെ മേയിച്ചുകൊണ്ടിരുന്നു. ഞാൻ ആ കുട്ടിയെ വിളിച്ച് ഞങ്ങളുടെ സോഫയിൽ ഇരുത്തി. ഞാൻ ഒരു കഥ പറഞ്ഞുകൊടുത്തു, ചില ചിത്രങ്ങൾ കാണിച്ചു, ഒരു ചെറിയ പാട്ട് പഠിപ്പിച്ചു, എന്നിട്ട് വരുന്ന ഞായറാഴ്ച അവന്റെ കൂട്ടുകാരെയും കൂട്ടി വരാൻ പറഞ്ഞു. 5 പേർ വന്നു. പെട്ടെന്ന് എണ്ണം 106 ആയി. ഞങ്ങൾക്ക് അധ്യാപകരെ വേണ്ടി വന്നു. ഈ സൺഡേ ക്ലാസിൽ നിരവധി പേർ രക്ഷ പ്രാപിച്ചു. അതിനുശേഷം ഞങ്ങൾ അടുത്ത ഗ്രാമങ്ങളിലേക്ക് പോയി.

നമ്മുടെ രാജ്യം വളരെ വിസ്തൃതിയുള്ള മിഷൻ ഫീൽഡാണ്. നിങ്ങൾ എവിടെ ആയിരിക്കുന്നുവോ, അവിടെ ആത്മാക്കളുണ്ട്. നിങ്ങളുടെ കണ്ണുകൾ തുറന്നാൽ മാത്രമേ നിങ്ങൾക്ക് കാണാൻ കഴിയുകയുള്ളൂ. ചെറിയ പ്രാരംഭ ദിവസം ആർക്ക് നിന്ദിക്കാൻ കഴിയും. ചെറുതായി ആരംഭിക്കുക അതിൽ പ്രവർത്തിക്കുക. ക്ഷമയുള്ളവരായിരിക്കുക. ഒരു ശുശ്രൂഷ ക്രമപ്പെടുത്തിയെടുക്കാൻ വർഷങ്ങളുടെ കഠിനാദ്ധ്വാനം വേണ്ടിവരും.

**യാചകരുടെ ഇടയിലുള്ള ശുശ്രൂഷ**

അഞ്ച് കുഷ്ഠരോഗികൾ എല്ലാ ശനിയാഴ്ചയും ഭിക്ഷ യാചിച്ച് ഞങ്ങളുടെ ഭവനത്തിൽ വരുമായിരുന്നു. അവരുടെ പാത്രത്തിൽ ചില നാണയത്തുട്ടുകൾ ഞാൻ ഇട്ടുകൊടുക്കും. ഒരു ദിവസം ഒരു രൂപ നൽകി. അക്കാലത്ത് ഒരു രൂപയ്ക്ക് വലിയ വിലയുണ്ടായിരുന്നു. അപ്പോൾ അവർ എന്നെ നോക്കി നമസ്കാരം പറഞ്ഞു. എങ്ങനെ പ്രതികരിക്കണമെന്ന് എനിക്കറിയില്ലായിരുന്നു. അവരുടെ ചിരിയും നമസ്ക്കാരവും ഞാൻ കണ്ടില്ലെന്ന് നടിച്ച് വേഗത്തിൽ തിരിഞ്ഞ് വീടിനുള്ളിലേക്ക് പോയി. കർത്താവ് എന്നെ ബോധ്യപ്പെടുത്തി. ദൈവം ചോദിച്ചു. എന്തുകൊണ്ട് നീ അവരോട് ചിരിക്കുകയും നമസ്ക്കാരം പറയുകയും ചെയ്യാത്തത്? ഞാൻ അടുത്ത ശനിയാഴ്ച വരികയായി രുന്നു. ഞാനും ചിരിച്ച വന്ദനം ചെയ്തു. അതൊരു വിലപ്പെട്ട ശുശ്രൂഷയുടെ തുടക്കമായിരുന്നു. കുട്ടികളുടെ ബൈബിളിൽ നിന്ന് ചില ചിത്രങ്ങൾ കാണിച്ച് ഞാൻ അവരോട് സുവിശേഷം പങ്കുവച്ചു. ഒടുവിൽ ഏഴുപേർ സ്നാനപ്പെട്ടു. ഞങ്ങൾ അവിടെ നിന്നും മാറിപ്പോയപ്പോൾ ഈ ശുശ്രൂഷ ആ സ്ഥാനത്തെ ഒരു സ്റ്റാഫിനെ ഏൽപ്പിച്ചു. മിഷനറിമാരായ ജൂലീസും ജയയും ഈ ശുശ്രൂഷ ഏറ്റെടുത്തു. ഇന്ന് 120 അംഗങ്ങളുണ്ട്. ഓരോ മാസവും പ്രാരംഭത്തിൽ അവർ വരികയും ചില ഉപദേശങ്ങൾക്ക് ശേഷം ഭിക്ഷയുമായി തിരികെ പോകുകയും ചെയ്തു.

സ്നേഹമാണ് നിങ്ങളുടെ പ്രേരകശക്തി. നിങ്ങളുടെ മുഖത്ത് സ്നേഹം കാണുന്നില്ലെങ്കിൽ ജനങ്ങൾ നിങ്ങളുടെ അടുക്കൽ വരികയില്ല. ഏതു സഭയുടെയും വെളിയിൽ ഒരു കൂട്ടം യാചകർ ഉണ്ടാകും. അവർക്ക് നല്ല പ്രഭാതഭക്ഷണം നൽകി സുവിശേഷം പങ്കുവച്ച് നൽകുക.

**റെഡ്ലൈറ്റ്**

ഞാൻ ഒരു സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്തിരുന്നപ്പോൾ, നിരവധി സ്ത്രീകൾ ഉൽപ്പാദനേന്ദ്രിയ രോഗങ്ങളുമായി സമീപിക്കുമായിരുന്നു. അവർ എല്ലാവരും ഒരേ മേൽവിലാസമാണ് നൽകിയത്. ഞാൻ അവരെ സന്ദർശിക്കാമെന്ന് പറഞ്ഞു. ഞാനും ലില്ലിയൻ കിംഗ്സ്ലിയും ആ മേൽവിലാസം നോക്കി അന്വേഷിച്ചുപോയി. ഭയാനകം! അതൊരു റെഡ്ലൈറ്റ് മേഖലയായിരുന്നു. അവിടെയുണ്ടായിരുന്ന ഓരോ കുടിലിലും ഒരു "അമ്മയും" പെൺകുട്ടികളും ഉണ്ടായിരുന്നു. ഞങ്ങൾ അവരോട് സംസാരിക്കാൻ ആരംഭിച്ചു. തഞ്ചമ്മ എന്നു പേരുള്ള ഒരു സ്ത്രീ പ്രതിവാര പ്രാർത്ഥനയ്ക്കായി അവരുടെ ഭവനം തുറന്നു നൽകി. ഞങ്ങൾ അവരെ ഉപദേശിക്കുമ്പോൾ, ഒരു പുരുഷൻ വരും; ഒരു പെൺകുട്ടിയുമായി അടുത്ത മുറിയിലേക്ക് പോകും. ഒരു ദിവസം പിശാച് ബാധിച്ച ഒരു പെൺകുട്ടി മുറിയിൽ കിടന്ന് ഉരുണ്ടപ്പോൾ മറ്റ് പെൺകുട്ടികൾ ഓടിപ്പോയി. ഞങ്ങൾ രണ്ടുപേരും പ്രാർത്ഥിച്ചുകൊണ്ട് അവിടെ നിന്നു. ഞങ്ങളുടെ കരം അവളുടെ തലയിൽ വച്ച് പ്രാർത്ഥിച്ചപ്പോൾ, പിശാച് ഓടിപ്പോകുകയും ആ പെൺകുട്ടി മോചിതയാകുകയും ചെയ്തു. ക്രിസ്തുമസ് വേളയിൽ ഞങ്ങൾ ഒരു ഗ്യാസ് ലൈറ്റുമായി പോയപ്പോൾ എല്ലാവരും ഒന്നിച്ചുകൂടി. ചില ഗാനങ്ങൾക്കും സ്കിറ്റിനും ശേഷം സുവിശേഷം പങ്കുവെച്ചു.

ഈ പെൺകുട്ടികളെ ഇവിടെ കൊണ്ട് വരികയും ഉപയോഗിക്കുകയും ചെയ്യുന്ന പുരുഷന്മാർ ഞങ്ങളെ വീക്ഷിക്കുകയായിരുന്നു. നിരവധി പേർ ഞങ്ങളിൽ നിന്ന് ലഘുലേഖകൾ വാങ്ങി. ചിലർ സ്ഥലം വിട്ടു. ചിലർ വിവാഹിതരായി. സർക്കാർ അവരുടെ കുടിലുകൾ ഇടിച്ചുനിരത്തി ആ സ്ഥലം വൃത്തിയാക്കി. തഞ്ചമ്മ ചന്തയിൽ കറിയിലകൾ വിൽക്കാൻ തുടങ്ങി. കഴിഞ്ഞ പ്രാവശ്യം ഞങ്ങൾ അവരെ കണ്ടപ്പോൾ അവർ ബൈബിൾ വായിക്കുന്നതായും കുടുംബപ്രാർത്ഥന ഉള്ളതായും ഞങ്ങളോട് പറഞ്ഞു.

പരിശുദ്ധാത്മവരങ്ങൾക്കായി നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങൾ വീട്ടിൽ തന്നെ ഇരുന്നാൽ ഈ വരങ്ങൾ കൊണ്ട് എന്തുചെയ്യാൻ കഴിയും? എന്തിനാണ് കർത്താവ് വരങ്ങൾ നൽകുന്നത്? നിങ്ങൾ പോയി ശുശ്രൂഷ ആരംഭിക്കുമ്പോൾ, ചോദിക്കാതെ തന്നെ, 'പരിശുദ്ധാത്മാ'വിന്റെ വരങ്ങൾ നിങ്ങളിൽ പ്രവർത്തിക്കുന്നത് മനസ്സിലാക്കാൻ കഴിയും.

**മാംസവ്യാപാരം**

അപ്പോൾ ഞാനും ഭർത്താവും കർണ്ണാടകയിലേക്ക് താമസം മാറി. ഒരിക്കൽ ഞങ്ങൾ ട്രെയിനിൽ യാത്ര ചെയ്തപ്പോൾ, വളരെ നന്നായി വസ്ത്രവും ആഭരണവും ധരിച്ചനിരവധി പെൺകുട്ടികൾ കൂട്ടമായി യാത്ര ചെയ്യുന്നത് ഞങ്ങൾ കണ്ടു. ഞങ്ങൾ മിഷണറിമാരോട് ചോദിച്ചപ്പോൾ, സൗണ്ടത്തി നഗരത്തിലെ ഗുഡ്ഡ എന്ന കുന്നിലുള്ള ഒരു ഗ്രാമത്തിലേക്ക് ദേവദാസികളായി സമർപ്പിക്കാൻ കൊണ്ടുപോകുന്നതാണ് എന്ന് അവർ പറഞ്ഞു. ഇപ്രകാരം ഒരു പെൺകുട്ടിയെ ദേവതയ്ക്ക് സമർപ്പിച്ചാൽ അവരുടെ കുടുംബത്തിന് നല്ല ഐശ്വര്യം ഉണ്ടാകുമെന്നും അവരുടെ വിളകളിൽ നല്ല വിളവ് ലഭിക്കുമെന്നും അവരുടെ പ്രശ്നങ്ങളെല്ലാം മാറിപ്പോകുമെന്നും പൂജാരി മാതാപിതാക്കളോട് പറയും. നമുക്ക് പോയി നോക്കാം എന്ന് പറഞ്ഞ് ഞങ്ങൾ പോയി.

അവിടെ കണ്ട കാഴ്ച ഞങ്ങളെ ഇളക്കി മറിച്ചു. ധാരാളം പേർ അവരുടെ പെൺകുട്ടികളുമായി വന്നുകൊണ്ടിരുന്നു. പൂജാരി അവരുടെ കഴുത്തിന് താലികെട്ടി മാറ്റി നിർത്തും. നപുംസകന്മാർ ഒരു പെൺകുട്ടിയെ 800 രൂപയ്ക്കോ 3000 രൂപയ്ക്കോ വാങ്ങുന്നതിന് വിലപേശുന്നതിന് കാത്തിരിക്കുന്നു. അതിനുശേഷം അവരെ വാഹനത്തിൽ കയറ്റി നഗരങ്ങളിൽ വേശ്യാവൃത്തിക്ക് കൊണ്ടുപോകും. ഞങ്ങൾ അവരോട് സംസാരിച്ചപ്പോൾ ചിലർ ഞങ്ങളെ വെല്ലുവിളിച്ചു, "ഇത് ദൈവമല്ലെങ്കിൽ, ഇത്രയ്ക്ക് ധാരാളം പേർ ഇവിടെ വരുന്നത് എന്തിന്?" ഞങ്ങൾക്ക് മറുപടി ഇല്ലായിരുന്നു. പിശാച് ബാധിച്ച ചിലർ അങ്ങോട്ടുമിങ്ങോട്ടും പാട്ടുപാടിക്കൊണ്ട് നടക്കുന്നു, ആ പിശാചുക്കളെ തുരത്തുന്നതിന് ചില മാന്ത്രികർ ശ്രമിക്കുന്നു. ഞങ്ങൾ ശക്തിരഹിതരായി വേദനയോടെ ഭവനത്തിലേക്ക് മടങ്ങി.

ഞങ്ങൾ ഈ വിഷയത്തിനുവേണ്ടി തുടർന്നും പ്രാർത്ഥിച്ചു. ദേവദാസികളുടെ ഇടയിലുള്ള പ്രവർത്തനം ആരംഭിച്ചു. എന്തൊരു അത്ഭുതം! അടുത്തവർഷം ഗുഡ്ഡയിലെ ക്ഷേത്രത്തിലെ ഈ പരിപാടി സർക്കാർ

നിരോധിക്കുകയും ക്ഷേത്രം അടച്ചുപൂട്ടുകയും ചെയ്തു. ഇന്ന് സൗണ്ടത്തിയിൽ ബ്ലസ്സിംഗ് യൂത്ത് മിഷന്റെ ഒരു സഭ സാക്ഷിയായി നിൽക്കുന്നു. ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ.

ഇത്തരത്തിലുള്ള സാമൂഹ്യവിപത്തുകൾക്ക് മുന്നിൽ കണ്ണടച്ചു നിൽക്കരുത്. ദൈവത്തിന്റെ കരം പിടിക്കുക. ഭയപ്പെടരുത്. **ഗുസ്ഥ കുന്ന്** പിശാചുക്കളുടെ സ്ഥലമാണ് എന്നു പറഞ്ഞു ആ കുന്ന് കയറുന്നതിൽ നിരവധി പേർ എന്നെ നിരാശപ്പെടുത്തി. പിശാചുക്കളുടെ സ്ഥലത്ത് വിശ്വാസികൾ പോയില്ലെങ്കിൽ, പിന്നെ ആർ പോകും? എന്ന് ഞാൻ മറുപടി പറഞ്ഞു.

**സാഹിത്യകൃതി വിതരണം**

ഒഡീഷയിൽ ഞങ്ങൾ മൂന്നു വർഷം ചെലവഴിച്ചു. ഞങ്ങൾ അവിടെ പോയപ്പോൾ, അവിടെ ലഘുലേഖകൾ വിതരണം ചെയ്താൽ ഞങ്ങളുടെ വാൻ കത്തിക്കുമെന്ന് പറഞ്ഞു. ഒരിക്കൽ ഞങ്ങൾ വാനിൽ യാത്ര ചെയ്തപ്പോൾ, എല്ലാവരും ചായ കുടിക്കാൻ പോയി. ഞാൻ ചായ കുടിക്കാത്തതിനാൽ വാനിൽ തന്നെ ഇരുന്നു. വാനിനടുത്തുകൂടി നടന്നുപോയ ഒരാൾക്ക് ഞാൻ ഒരു ട്രാക്ട് പതുക്കെ നൽകി. അദ്ദേഹം അത് വായിക്കാൻ തുടങ്ങി. എനിക്ക് ധൈര്യം ലഭിച്ചു. ഒന്നൊന്നായി ലഘുലേഖകൾ വിതരണം ചെയ്തു. വാനിനടുത്ത് ഒരു ചെറിയ ആൾക്കൂട്ടം ഉണ്ടായി. “ഒരെണ്ണം കൂടി എനിക്ക് നൽകുമോ?”, “വേറെ എന്തെങ്കിലും ഉണ്ടോ?”, “ഞാൻ പണം നൽകിയാൽ എനിക്ക് പുസ്തകങ്ങൾ അയച്ചുതരുമോ?” എന്നിങ്ങനെ കുറെ ചോദ്യങ്ങൾ ചോദിച്ചു. അന്നു മുതൽ ഞങ്ങൾ പോകുന്ന സ്ഥലങ്ങളിലെല്ലാം ട്രാക്ടുകൾ വിതരണം ചെയ്യുകയും പുതിയ നിയമങ്ങൾ വിൽക്കുകയും ചെയ്തിരുന്നു.

കാലാവസ്ഥ മാറി. പ്രതികൂല കാലാവസ്ഥയും മാറി. അതുകൊണ്ട് നാം പരിശ്രമിക്കുന്നത് ഒരിക്കലും ഉപേക്ഷിക്കരുത്.

**വനത്തിലെ ക്ലിനിക്ക്**

ഒഡീഷിലെ വനത്തിനകത്തുള്ള ഒരു ഗ്രാമമായ രാമഗിരിയിലാണ് ഞങ്ങൾ അവസാനമായി താമസിച്ചത്. ചില മണിക്കൂറുകൾ മാത്രമേ വൈദ്യുതി ലഭിക്കുകയുള്ളൂ. ബസ് വല്ലപ്പോഴും മാത്രം. ഞങ്ങൾ അവിടെ പോയപ്പോൾ കഴിഞ്ഞ വർഷം വയറുവേദനയാൽ 60 പേർ മരണപ്പെട്ടുവെന്നും അടുത്ത സീസൺ ഇപ്പോൾ വരാറായി എന്നും ഞങ്ങൾ അറിഞ്ഞു. പെട്ടെന്നു തന്നെ

ഞങ്ങൾ ഒരു ക്ലിനിക് തുടങ്ങി പ്രവർത്തനം ആരംഭിച്ചു. ഞാൻ ഡോക്ടറുടെ കോട്ട് ധരിക്കുകയും സ്റ്റെതസ്കോപ്പ് കഴുത്തിൽ ഇടുകയും ചെയ്തു. ഞങ്ങൾ ബസ് സ്റ്റാൻഡിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് സ്ഥലം ശുചിയാക്കി. ഞങ്ങൾ മരുന്ന് ക്രമീകരിച്ച് "വരൂ, ഞങ്ങൾ നിങ്ങൾക്ക് മരുന്ന് നൽകാം" എന്ന് വിളിച്ചുപറഞ്ഞു. ഒന്നോ രണ്ടോ പേർ വന്നു. ദൈവമഹത്വത്തിനായി പറയട്ടെ, ആ വർഷം ഈ അസുഖത്താൽ ഒരു വ്യക്തി പോലും മരിച്ചില്ല.

മലേറിയ, ക്ഷയം, വൈറ്റമിനുകളുടെ അഭാവം മൂലമുണ്ടാകുന്ന രോഗങ്ങൾ, കുഷ്ഠം, ലൈംഗികരോഗങ്ങൾ എന്നിങ്ങനെയുള്ള രോഗങ്ങൾക്ക് ഞങ്ങൾ നല്ല ചികിത്സ നൽകി. ഫലം വിസ്മയകര മായിരുന്നു. ഞങ്ങളെ ശത്രുക്കളായി കണ്ട് മുഖം തിരിഞ്ഞ് നടന്നു പോയവർ ഇപ്പോൾ ഞങ്ങളെ നോക്കി ചിരിക്കുകയും നമസ്കാരം പറയുകയും ചെയ്യുന്നു.

കുഷ്ഠരോഗത്താൽ കൈവിരലുകൾ നഷ്ടപ്പെട്ട ഒരു യുവതിയെ ഞങ്ങൾ കണ്ടുമുട്ടി. കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. എനിക്ക് കുറ്റബോധമുണ്ടായി. അഞ്ചുവർഷം മുമ്പ് ഞാൻ ഇവിടെ വന്നിരുന്നു എങ്കിൽ ആ യുവതി ഇപ്പോൾ സന്തോഷകരമായ വിവാഹജീവിതം നയിക്കുമായിരുന്നു.

എനിക്ക് ഒരു ബ്ലാക്ക് ബോർഡ് ഉണ്ടായിരുന്നു. അതിൽ ഞാൻ ചിത്രങ്ങൾ വരച്ച് വയറുകടി, മലേറിയ, കുഷ്ഠം, ക്ഷയം, മറ്റു രോഗങ്ങൾ എങ്ങനെ പകരുന്നു എന്ന് ഞാൻ വിശദീകരിച്ചു. അവർ ബുദ്ധിപൂർവ്വം മനസ്സിലാക്കി. പക്ഷേ അവരെ പഠിപ്പിക്കാൻ ആരുമില്ലായിരുന്നു. ഞങ്ങൾക്ക് ആ സ്ഥലം വിട്ടുപോകേണ്ടി വന്നപ്പോൾ, ആ ശുശ്രൂഷ ഡോ. ജയശങ്കറിനെ ഏൽപ്പിക്കുകയും അദ്ദേഹം മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുകയും ചെയ്തു.

നിങ്ങൾക്ക് വിളിയാണ് ആവശ്യം. എവിടെയാണ് നിങ്ങളുടെ ആവശ്യം എന്ന് പ്രാർത്ഥിച്ചു കണ്ടെത്തുക. നിങ്ങളുടെ അറിവ് ദൈവത്തിനുവേണ്ടി ഉപയോഗിക്കുക. നിങ്ങൾ ഒരു പക്ഷേ ഒരു ഡോക്ടറോ, എഞ്ചിനീയറോ, സാമൂഹ്യപ്രവർത്തകനോ, അധ്യാപകനോ ആരോ ആയിരിക്കാം. എല്ലാവർക്കും ദൈവരാജ്യത്തിൽ അവസരമുണ്ട്.

**ഫീഡ് ഒഡീഷ**

പത്തുവർഷങ്ങൾക്കുശേഷം ഞാൻ വീണ്ടും **രാമഗിരി** സന്ദർശിച്ചു.

എന്റെ ജീവിതത്തിൽ ഏറ്റവും ക്ലേശകരമായ സമയമായിരുന്നു അത്. എനിക്ക് അൽപം വിശ്രമം ആവശ്യമാണെന്ന് തോന്നി. എനിക്ക് അൽപം മാറ്റം വേണമെന്ന് എന്റെ ഭർത്താവിന് തോന്നുകയും സിത്തേരി ഫീൽഡിൽ പോകാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഞാൻ എന്റെ ഹൃദയത്തോടടുപ്പമുള്ള രാമഗിരി തെരഞ്ഞെടുത്തു. ഞാൻ ക്ലിനിക്കിലിരുന്ന് രോഗികളെ ചികിത്സിച്ചു. അവിടെ മാളുകളോ വിനോദങ്ങളോ ഒന്നുമില്ല. വൈകുന്നേരം അഞ്ചുമണിക്ക് ശേഷം കടുവ, കരടി, ചെന്നായ്ക്കൾ എന്നിവ നിമിത്തം പുറത്തിറങ്ങാൻ കഴിയില്ല. ആകെ ചെയ്തിരുന്നത് ഒറിയ പത്രം വായിക്കുമായിരുന്നു. ദാരിദ്ര്യം നിമിത്തം മരണപ്പെട്ടവരുടെ ചിത്രങ്ങൾ കണ്ടപ്പോൾ ഞെട്ടിപ്പോയി. ആ നിർഭാഗ്യ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആരംഭിച്ചു. “എന്തുകൊണ്ട് അവരെ പോഷിപ്പിച്ചുകൂടാ?” എന്ന് ഒരു ശബ്ദം എന്നോട് ചോദിച്ചു. പെട്ടെന്ന് എന്നോടു സംസാരിക്കരുതേ എന്ന് ആ ശബ്ദത്തോട് യാചിച്ചു. എന്നാൽ ആ ശബ്ദം മാറിയില്ല. അതുകൊണ്ട് ഞാൻ പോയി. മിഷൻ എനിക്ക് ഒരു വാനും മിഷനറിമാരായ ശ്രീ. സമൽ, ശ്രീമതി ബിമല സമൽ എന്നിവരെയും നൽകി.

ഞങ്ങൾ ബാർഗഢിൽ എത്തി. അവിടെത്തെ ക്ഷാമത്തെക്കുറിച്ച് അന്വേഷിച്ചു. ആർക്കും അറിയില്ല. എല്ലാവരും നന്നായി ഭക്ഷണം കഴിക്കയും നല്ല വസ്ത്രം ധരിക്കയും ചെയ്തിരുന്നു. ഞങ്ങൾ നിരാശരായി. അപ്പോൾ ഒരു മതപ്രവർത്തകൻ തന്റെ ബന്ധുവിന് അറിയാമെന്ന് പറഞ്ഞു. ആ ബന്ധുവിന്റെ ഭവനത്തിലെത്താൻ ഞങ്ങൾ 72 കിലോമീറ്റർ യാത്ര ചെയ്തു. അദ്ദേഹത്തിനും അറിയില്ലായിരുന്നു. ഹൃദയം തളർന്ന് ഞങ്ങൾ നിലത്തിരുന്നു. സമയം ഒരു സുവിശേഷകൻ വന്നു. കൃത്യമായ മറുപടി ലഭിക്കില്ല എന്ന പ്രതീക്ഷയോടെ ചോദിച്ചു. എന്നാൽ അദ്ദേഹം പറഞ്ഞു. “അതേ എനിക്ക് ആ സ്ഥലം അറിയാം. ഞാൻ അവിടെ ജോലി ചെയ്യുന്നു. നമുക്ക് അവിടേക്ക് പോകാം”. ഉടൻ ഞങ്ങൾ വാനിൽ കയറി നിശ്ചിതസ്ഥലത്തേയ്ക്ക് യാത്ര തിരിച്ചു. പെട്ടെന്ന് ആ സുവിശേഷകൻ വിളിച്ചുപറഞ്ഞു, “വാൻ നിർത്തൂ, കുഞ്ഞിനെ വാങ്ങിയ ആ മനുഷ്യൻ അതാ” അതേ, ദാരിദ്ര്യം കാരണം തന്റെ കുഞ്ഞിനെ വിറ്റ ശ്യാംലാൽ പത്രവാർത്തകളിൽ ഉണ്ടായിരുന്നു. ഈ മനുഷ്യനാണ് ആ കുഞ്ഞിനെ വാങ്ങിയത്. എന്റെ കണ്ണുകൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒറീസ്സ ഒരു വലിയ സംസ്ഥാനമാണ്. പത്രവാർത്തയിൽ വന്ന ഒരു വ്യക്തിയെ

കാണുന്നത് അത്ഭുതം അല്ലാതെ മറ്റൊന്നുമല്ല. ഞങ്ങൾ അദ്ദേഹവുമായി അഭിമുഖം നടത്തിയതിനുശേഷം ശ്യാംലാലിനെ കാണാൻ പുറപ്പെട്ടു. പത്രത്തിൽ ചിത്രം വന്ന വ്യക്തി അവിടെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിൽ ഒന്നുമില്ലായിരുന്നു. അദ്ദേഹത്തിന് ആവശ്യമുള്ള സാധനങ്ങൾ ഞങ്ങൾ വാങ്ങിക്കൊടുത്ത് പ്രേംശിമ ബോയിയുടെ ഭവനത്തിലേക്ക് യാത്ര തിരിച്ചു. മൂന്നു ചെറിയ കുഞ്ഞുങ്ങളെ ശേഷിപ്പിച്ച് ഭാര്യയും ഭർത്താവും പട്ടിണി മൂലം മരണപ്പെട്ടു. കുഞ്ഞുങ്ങൾ അദ്ദേഹത്തിന്റെ സഹോദരനോടൊപ്പമായിരുന്നു. അദ്ദേഹം ചുരുട്ടിമുറുക്കിയ കൈയ്യ് കുലുക്കി ഇപ്രകാരം പറഞ്ഞു. “എന്നെ ആരും സഹായിച്ചില്ലെങ്കിൽ, ഈ കുട്ടികളെ ഞാൻ വിൽക്കാൻ പോകുന്നു”.

തകർന്ന ഹൃദയത്തോടെ ഞങ്ങൾ മടങ്ങി. ഞാൻ തിരികെ പ്രേംശിലയുടെ ഭവനത്തിൽ മടങ്ങി വന്ന് പ്രവർത്തനം തുടങ്ങുമെന്ന് നിശ്ചയിച്ചു. അതിനുശേഷം ഞങ്ങൾ **ദിപ്തപൂരിലേക്ക്** പോയി. അവിടെത്തെ ബിഷപ്പ് ഞങ്ങളെ ഒരു ആശുപത്രിയിലേക്ക് കൊണ്ടുപോയി അവിടെ പ്രവർത്തിക്കാൻ പറഞ്ഞു. ഇത് ക്ഷാമബാധിത മേഖലയായിരുന്നു. ധാരാളം പേർ ക്ഷയരോഗത്താൽ മരിച്ചു. ഈ ആശുപത്രിയിൽ ഒരു ലാബും എക്സ്റേ യൂണിറ്റും ഉണ്ടായിരുന്നു. അതുകൊണ്ട് ദിപ്തിപൂരിൽ ശുശ്രൂഷ ആരംഭിക്കാൻ തീരുമാനിച്ചു. പതുക്കെ രോഗികൾ വരാൻ തുടങ്ങി. ഞങ്ങൾ ചുറ്റുമുള്ള ഗ്രാമങ്ങൾ സന്ദർശിച്ച് അരി, പരിപ്പ്, മുട്ട, എണ്ണ, എന്നിവ വിതരണം ചെയ്തു. ടെയ്ലറിംഗും കമ്പ്യൂട്ടർ ക്ലാസ്സും ആരംഭിച്ച് അവരെ പഠിപ്പിച്ചു. ബാർഗഡ് ജില്ലയിൽ രണ്ടു വർഷത്തോളം പട്ടിണി മരണം ഇല്ലായിരുന്നു. ഒരു കുടുംബത്തിൽ രണ്ടോ മൂന്നോ പേർ ക്ഷയരോഗത്താൽ ഭാരപ്പെട്ടു. ആർ ചികിത്സ തേടണമെന്ന് അവർ തീരുമാനിക്കും. സൗജന്യ ചികിത്സ ഇല്ലായിരുന്നു. അവരുടെ **മൃഗങ്ങളെ** വിറ്റ് ചികിത്സിക്കുമായിരുന്നു. അവസ്ഥകൾ ദയനീയമായിരുന്നു. ഞങ്ങളുടെ ആശുപത്രിയിൽ ധാരാളം പേർ സുഖം പ്രാപിച്ചു. ഞങ്ങൾ സുവിശേഷം പ്രസംഗിച്ചു. മൂന്നു പ്രാവശ്യം എന്നെ പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ചു. ഞങ്ങളുടെ ടീം വർദ്ധിച്ചു. ആൺകുട്ടികൾക്കുവേണ്ടി ഒരു ഹോസ്റ്റൽ ആരംഭിച്ചു. അത്ഭുതങ്ങൾ സംഭവിച്ചു. ഞങ്ങളുടെ നേത്രരോഗ ക്യാമ്പുകളിൽ ശസ്ത്രക്രിയ വിദഗ്ദ്ധർ എത്തുകയും 1300 ഓളം തിമിരം ബാധിച്ച രോഗികൾക്ക് ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയ

ക്യാമ്പുകൾ ക്രമീകരിച്ചു. ഞങ്ങൾ സാമൂഹ്യസേവനം നടത്തി, സുവിശേഷ പ്രസംഗം നടത്തിയ മേഖലകളിൽ എല്ലാം ഇന്ന് സഭകൾ ഉയർന്നുവന്നു. ശുശ്രൂഷയെ സംബന്ധിച്ച് കൂടുതൽ അറിയുന്നതിന് ഞാൻ രചിച്ച **'ദ ഡ്രീം ദാറ്റ് ഡിഡ്നോട്ട് കം ബൈ നൈറ്റ്'** എന്ന ഗ്രന്ഥം വായിക്കുക. അടുത്ത കാലത്തായി ഒരു സഹോദരി ആ ഗ്രന്ഥം വായിക്കുകയും രാത്രി മുഴുവൻ അവൾ കരയുകയായിരുന്നു എന്ന് എന്നോട് പറഞ്ഞു. ഇന്ന് അവൾ ഒഡീഷയിൽ ശുശ്രൂഷ ചെയ്യുന്നു.

**മനോഹരമായ ചില കാര്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് ദൈവം നമ്മുടെ ക്ലേശങ്ങളെയും, സംഘർഷങ്ങളെയും, ചിന്താക്കുഴപ്പത്തെയും, ദുഃഖത്തിനെയും കണ്ണുനീരിനെയും ഉപയോഗിക്കുന്നു.** അതുകൊണ്ട് തകർക്കപ്പെടാൻ അനുവദിക്കരുത്. ജീവിതത്തെ ധൈര്യത്തോടെ നേരിട്ട് മുന്നേറുക. ഒരു ക്ലേശകാര്യം കൂടിയുള്ളത് എപ്പോഴും സംശയത്തിന്റെ വേളകളാണ്. എന്നാൽ കർത്താവിൽ നിങ്ങളെത്തന്നെ ബലപ്പെടുത്തുക.

**കുഞ്ഞാടുകളുടെ ശുശ്രൂഷ**

അവസാനമായി ഞാൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കുഞ്ഞാടുകളുടെ ശുശ്രൂഷയെക്കുറിച്ച് വിവരിക്കാനുദ്ദേശിക്കുന്നു. 2014–ലാണ് ഇത് ആരംഭിച്ചത്. ഞങ്ങളുടെ സഭ സ്ഥിതി ചെയ്യുന്നത് ഒരു ഗ്രാമത്തിലാണ്. ആ ഗ്രാമത്തിലെ ദേവന്മാർ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് കാണുമ്പോൾ എന്റെ ഹൃദയം തകരും. ആ ഗ്രാമത്തിന്റെ പ്രവേശന കവാടത്തിൽ എന്നെ ഇറക്കാൻ ഭർത്താവിനോട് ആവശ്യപ്പെട്ടു. അവിടെ നിന്ന് ചർച്ചിലേക്ക് നടന്നുപോകാൻ തീരുമാനിച്ചു. ഞാൻ നടന്നുപോകുമ്പോൾ ആളുകളുമായി സംസാരിക്കുകയും സുവിശേഷം പങ്കു വെയ്ക്കുകയും ചെയ്തു. അതിനുശേഷം എന്നോടൊപ്പം വരാൻ ഒരു സുഹൃത്തിനെ ലഭിച്ചു. 18 വർഷം മച്ചിയായിരുന്ന കുപ്പമ്മയെ ഞങ്ങൾ കണ്ടു. പ്രാർത്ഥനയ്ക്കുശേഷം അവർ ഗർഭം ധരിച്ചു. ഇപ്പോൾ അവർക്ക് രണ്ടു ആൺമക്കളുണ്ട്. 40 പേർ ആരാധനയ്ക്കായി കടന്നുവന്നു. ആ ഗ്രാമത്തിൽ രണ്ടുവർഷക്കാലം വീടുവീടാന്തരം സുവിശേഷം പ്രസംഗിച്ചു. അടുത്ത വർഷം ആ ഗ്രാമത്തിൽ നിന്ന് പുറത്തുപോകാൻ ഗ്രാമത്തലവന്മാർ ആവശ്യപ്പെട്ടു.

സകല കാര്യങ്ങളും നിശ്ചലമായി. കുട്ടികൾക്കുള്ള ക്രിസ്തുമസ് സമ്മാനങ്ങൾ തയ്യാറായി. എവിടെയും അന്ധകാരമായിരുന്നു. ദൈവം

നിശബ്ദനായി. ഞങ്ങളുടെ ഹൃദയം മുങ്ങി. റോഡിന്റെ മറുവശത്ത് ഗ്രാമത്തിന്റെ അങ്ങേയറ്റത്ത് ഒരു വീടിന് ശ്രമം നടത്തി. വലിയ ഒരാശ്ചര്യം ഞങ്ങളെ കാത്തിരുന്നു. ശ്രീ. നിക്കോൾസൺ, ശ്രീമതി ജയാബായി നിക്കോൾസൺ എന്നിവർ അവരുടെ ഭവനം ഞങ്ങൾക്കായി തുറന്നുതന്നു. അവർ ഇവാഞ്ചലക്കൽ ക്രിസ്ത്യാനികളായിരുന്നു. ഈ ഭവനം നിങ്ങളുടെ ശുശ്രൂഷകൾക്കായി ഉപയോഗിക്കാൻ പറഞ്ഞ് ഭവനത്തിന്റെ താക്കോൽ നൽകി. അവിടെ വച്ച് 32 കുട്ടികളുമായി ക്രിസ്തുമസ് പരിപാടി നടത്തി ദൈവത്തെ സ്തുതിച്ചു. അടുത്ത പുതിയ വർഷത്തിൽ 6 കുട്ടികൾ വന്നു. ഇന്ന് ഞങ്ങൾ എല്ലാ ഞായറാഴ്ചയും 80 കുട്ടികളെയും 20 മുതിർന്നവരെയും പഠിപ്പിക്കുന്നു. 2020 –ലെ ക്രിസ്തുമസ് പരിപാടിയിൽ 250 പേർ പങ്കെടുത്തു.

എതിർപ്പുകളും നിരാശയും ഉണ്ടായേക്കും. ഒരു വാതിൽ അടഞ്ഞാൽ നാം മറ്റൊരു വാതിൽ അന്വേഷിക്കണം. ദൈവത്തിന്റെ ശുശ്രൂഷ ഒരിക്കലും നിലച്ചുപോയില്ല. എതിർപ്പുകളും ഭീഷണികളും നേരിട്ടേക്കാം. എന്നാൽ മൊത്തത്തിൽ ഒരു സ്വാഗത മനോഭാവം ഉണ്ടാകും. കാരണം ഞങ്ങൾ മതം മാത്രമല്ല ധാർമ്മികതയും അച്ചടക്കവും, ആരോഗ്യവും ശുചിത്വപരിപാലനവും, ഇംഗ്ലീഷും തമിഴും പഠിപ്പിക്കുന്നു. ഞങ്ങളെ അവർ ആലിംഗനം ചെയ്ത് കണ്ണുനീർ തുടച്ച് അവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു. മദ്യപാനികളായ പിതാക്കന്മാരുടെ പീഢനങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഞങ്ങൾ കൗൺസിലിംഗും നൽകുന്നുണ്ട്.

നമ്മൾ വളർന്നു വരുന്തോറും വിശ്രമത്തിനും മടിക്കുമുള്ള ഒരു പ്രവണതയ്ക്ക് സാധ്യതയുണ്ട്. അത്തരത്തിലുള്ള പരീക്ഷണങ്ങളിൽ വീണുപോകരുത്. ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ നാം സൂക്ഷിക്കണം. നിങ്ങൾക്ക് ഒരു ഭാരമുണ്ടെങ്കിൽ അവിടെ പ്രവർത്തനം ആരംഭിക്കാനുള്ള നല്ലൊരു സൂചനയാണ്.

നിങ്ങൾക്ക് സ്വന്തമായി ശുശ്രൂഷ ആരംഭിക്കുകയോ അല്ലെങ്കിൽ മറ്റൊരു ശുശ്രൂഷയോടൊപ്പം ചേരുകയോ ചെയ്യാം. രണ്ടും നല്ലതാണ്. ചിലർക്ക് നേതാക്കൾ മാത്രമാകണം. ദൈവഹിതം എന്തെന്ന് തിരിച്ചറിയുക. ഒരു ശുശ്രൂഷയും എളുപ്പമല്ലെന്ന് മനസ്സിലാക്കുക. പല കൊടുങ്കാറ്റുകളും നിരാശകളും നേരിടേണ്ടിവരും. ഞാൻ കണ്ടുമുട്ടിയ ഓരോ വ്യക്തിയും

കുഞ്ഞാടുകളുടെ ശുശ്രൂഷ ഉപേക്ഷിക്കാൻ പറഞ്ഞു. ഗ്രാമത്തിന്റെ തെരുവുകളിൽ കഠിനമായ വെയിലത്തു കുടയും ചൂടി ബുദ്ധിഭ്രമമുള്ള ഒരു സ്ത്രീയെപ്പോലെ എനിക്ക് തോന്നി. എന്റെ ഭർത്താവും മറ്റ് ചിലരും എന്നോടൊപ്പം നിന്നു. എന്നാൽ ഒരു ദിവസം, അക്രൈസ്തവർ പേന എടുത്ത് വേദപുസ്തകത്തെ സംബന്ധിച്ചുള്ള പരീക്ഷകൾ എഴുതുമെന്ന് അന്ന് ഞാൻ കരുതിയില്ല. (പ്രായം കുറഞ്ഞവർക്കും നിരക്ഷരർക്കും വാചോദ്യമായിരുന്നു) നാം ബൈബിൾ രാജാക്കന്മാരേയും രാജ്ഞിമാരേയും കിരീടധാരണം നടത്തി. ക്രിസ്തുമസ് പരിപാടിയിൽ പങ്കെടുക്കാൻ മറ്റ് വിശ്വാസത്തിൽ നിന്ന് 250–ഓളം പേർ പങ്കെടുക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. ദൈവനാമം മഹത്വപ്പെടട്ടെ!

പ്രവർത്തനത്തിനുവേണ്ടി പ്രാർത്ഥന ക്രമീകരിക്കുക. നിങ്ങളുടെ ശുശ്രൂഷയുടെ നട്ടെല്ലാണത്. അവരുടെ മതത്തെക്കുറിച്ചോ അവരുടെ ദൈവങ്ങളെക്കുറിച്ചോ സംസാരിക്കരുത് എന്നത് നമ്മുടെ തത്വമാണ്. നാം അവരെ മതപരിവർത്തനം ചെയ്യാൻ ശ്രമിക്കരുത്. ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തു നൽകുന്ന രക്ഷയെക്കുറിച്ചും നാം പഠിപ്പിക്കുന്നു. സത്യസന്ധമായ ക്രിസ്തുവിനെ മാത്രം ആരാധിക്കുവാൻ നാം അവരെ പ്രേരിപ്പിക്കുന്നു. ഹൃദയത്തിന്റെ പരിവർത്തനത്തിനാണ് നാം ഊന്നൽ കൊടുക്കുന്നത്. മതപരമായ മുദ്രകളെ മാറ്റുന്നതിൽ നാം ശ്രദ്ധ നൽകാറില്ല. ദൈവം അവരെ നയിക്കുമെന്ന് നാം വിശ്വസിക്കുന്നു.

ഈ ശുശ്രൂഷകളെക്കുറിച്ച് വളരെ വിശദമായി എന്റെ ഗ്രന്ഥങ്ങളായ Don't Kill Religion, Goodbye Satan, Awake Deborah, Better Chrtistian, Nearer My God, The Dream that didnot come by night എന്നിവയിൽ വായിക്കാവുന്നതാണ്.

അകിില്ലാസിനെയും പ്രിസ്ക്കില്ലയും പോലെ നിങ്ങൾ എവിടെ ആയിരിക്കുന്നുവോ അവിടെ ചെറിയ കൂട്ടായ്മ ആരംഭിക്കണം (റോമ. 16:3,4,5) സകലരിലും സുവിശേഷം എത്തുന്നതിന് ലോകത്തിന്റെ അറ്റം വരെയും പോകുക. കർത്താവ് നിങ്ങളോടൊപ്പം വരികയും അത്ഭുതം പ്രവർത്തിക്കുകയും ചെയ്യും (ആവ 20:1–4)

"നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് ആരംഭിക്കുക
നിങ്ങളിൽ ഉള്ളത് ഉപയോഗിക്കുക
നിങ്ങൾക്ക് കഴിയുന്നത് ചെയ്യുക"

# സി.എൻ.ഐ ബിഷപ്പിന്റെ വീട്ടിൽ
## ഇൻകം ടാക്സ്, ഇ.ഡി. റെയ്ഡ്



CNI (ചർച്ച് ഓഫ് നോർത്ത് ഇന്ത്യ) മധ്യപ്രദേശ് **ജബൽപൂർ ഡയോസിസ്** ബിഷപ്പ് Rt. Rev. P.C. സിംഗ് അവർകളുടെ വീട്ടിലും ഓഫീസിലും EOW (Economic Offencess Wing) യും ഇൻകം ടാക്സും റെയ്ഡ് നടത്തി **16 മില്യൺ** ഇന്ത്യൻ രൂപ ഒളിച്ചുവെച്ചിരിക്കുന്നത് 2022 സെപ്റ്റംബർ 8–ാം തീയതി കണ്ടുപിടിച്ചു. പത്രക്കാരോട് അധികാരികൾ സംസാരിക്കുമ്പോൾ CNI സ്കൂളുകളിലും കോളേജുകളിലും വികസനത്തിനായി ബിഷപ്പ് പി.സി. സിംഗ് അവർകൾ കുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വാങ്ങിയ പണം ധാരാളം ഉണ്ടെന്ന് ഇൻഫോർമേഴ്സ് വിവരം തന്നതുകൊണ്ട് റെയ്ഡ് നടത്തി എന്നു പറഞ്ഞു. ഡയോസിസ് ഓഫീസിലുള്ളവർ ബിഷപ്പിനെ ഒറ്റിക്കൊടുത്തു എന്നു പറയുന്നു. സ്കൂൾ ഓഫീസിലും ഡയോസിസ് ഓഫീസിലും ഉള്ളവർ കൊടുത്ത കണക്ക് **27 മില്യൺ** രൂപയാണ്. ഇത് പരസ്യമായി വാങ്ങിയതാണ് രഹസ്യമായി വാങ്ങിയത് ഇതിലും കൂടുതൽ ഉണ്ടാകും എന്നു പറയുന്നു. പക്ഷേ അധികാരികൾ റെയ്ഡ് നടത്തിയപ്പോൾ **16 മില്യൺ** രൂപ കിട്ടി. ബാക്കി **11മില്യൺ** എവിടെ ഒളിപ്പിച്ചിരിക്കുന്നു എന്ന അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. പല ദിവസക്കള്ളൻ ഒരു ദിവസം പിടിയിലാകും എന്ന പഴഞ്ചൊല്ല് ഇവിടെ യഥാർത്ഥ്യമായി. സഭാതലവൻമാർ ഇങ്ങനെ പണം മോഷ്ടിക്കുന്ന കള്ളന്മാർ ആയിരിക്കുന്നതുകൊണ്ട് നാട്ടിൽ ദൈവനാമം ദുഷിക്കപ്പെടും. മുകളിൽ ബിഷപ്പ് കൊള്ളയടിച്ച രൂപ പ്രത്യേക ബോക്സുകളിൽ ഇടാൻ കാരണം എന്തെന്നാൽ എന്റെ 47 വർഷ ദൈവവേലയിൽ ഇന്ത്യ മുഴുവനും ഉള്ള എല്ലാ ഡയോസിസിലും ഞാൻ പ്രസംഗിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ് പൈസ കൊള്ളയടിച്ചത്, പള്ളിക്കാണിക്കയിൽ കൊള്ളയടിച്ചത് ബിഷപ്പ് പള്ളി അധികാരികൾ കൊള്ളയടിച്ചത് പല ലക്ഷങ്ങൾ കോടികൾ അറിഞ്ഞിട്ടുണ്ട്. പക്ഷേ ഈ ബിഷപ്പ് ഭയങ്കരനാണ്. ഇദ്ദേഹം മില്യൺ കണക്കിനാണ് കൊള്ളയടിച്ചത്. ആദ്യമായിട്ടാണ് ഇങ്ങനെ കേൾക്കുന്നത്. ഇത് ധൈര്യമായി കൊള്ളയടിച്ചതാണ്. ആർക്കും ദൈവഭയമില്ലാതെ പോയി. ഈ വടക്കേ ഇന്ത്യ ബിഷപ്പിനെക്കാൾ കേരളത്തിൽ ഉള്ള ഒരു ബിഷപ്പ് ലക്ഷക്കണക്കായ പണവെട്ടിപ്പിൽ അകപ്പെട്ടിരിക്കണം. പല വർഷങ്ങളായി രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ

വർഷ ആരംഭത്തിൽ ഇൻകം ടാക്സും ഇ.ഡി. അധികാരികളും ബിഷപ്പ് ഓഫീസിലും വീട്ടിലും ഡയോസിസ് സെക്രട്ടറിയുടെ വീട്ടിലും റെയ്ഡ് നടത്തി. ആ വിവരങ്ങൾ ടി.വി.യിലും പത്രത്തിലും നിങ്ങൾ കണ്ടിരിക്കും. പല ഡോക്യുമെന്റ് അകപ്പെട്ടതായി പത്രത്തിൽ പരസ്യപ്പെടുത്തിയിരിക്കുന്നു. പക്ഷേ പണം എത്ര കിട്ടി എന്നുള്ള വിവരം പത്രക്കാരെ അറിയിച്ചിട്ടില്ല. ചില വർഷങ്ങൾക്കു മുമ്പ് പണവെട്ടിപ്പിലും മറ്റ് പ്രശ്നങ്ങളിലും ജയിലിൽ പോകേണ്ടതായിരുന്നു. കോടതി രണ്ടു പ്രാവശ്യം ജയിലിൽ അയയ്ക്കാൻ വിധി പറഞ്ഞിട്ടും ബിഷപ്പ് രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഭരിക്കുന്ന രാഷ്ട്രീയപാർട്ടി ഇദ്ദേഹത്തെ സഹായിക്കുന്നതുതന്നെ കാരണം.

ഇതുമാതിരിയുള്ള വാർത്തകൾ CSI, CNI എല്ലാ സഭകൾക്കും അപമാനം ഉണ്ടാക്കുന്ന വിഷയമാണ്. ഇത്രയും സാക്ഷി മുഴുവൻ ഇന്ത്യയിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ 75–ാം പ്ലാറ്റിനം ജൂബിലി ആഘോഷിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ആഘോഷിക്കാൻ ഇവർക്ക് എന്ത് യോഗ്യതയുണ്ട്? എല്ലാ സഭകളിലും പണം വെട്ടിപ്പും അഴിമതികളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി സഭയിലുള്ളവർ യഥാർത്ഥവിശ്വാസികൾ ഭാരത്തോടെ പ്രാർത്ഥിക്കുന്നതല്ലാതെ വേറൊന്നും ചെയ്യാൻ സാധിക്കയില്ല. അവരവരുടെ ആത്മാക്കളെ അവരവർ തന്നെ വചനം വായിച്ചു ധ്യാനിച്ചു സൂക്ഷിച്ചുകൊള്ളണം. സാക്ഷിയില്ലാത്ത ബിഷപ്പുമാരും ഇടയന്മാരും സഭ ഭരണകർത്താക്കളും ഉള്ളതു വരെ നിങ്ങളുടെ ആത്മാക്കൾക്ക് ആത്മീയ ആഹാരം ഒരിക്കലും കിട്ടുകയില്ല. മനോവേദനയോടു കൂടി ഇതു ഞാൻ എഴുതുന്നു.

**ദൈവകൃപയാൽ ദൈവവേലയ്ക്ക് ഞാൻ വീണ്ടും പുറപ്പട്ടു**

കഴിഞ്ഞ രണ്ടര വർഷങ്ങളായി കൊറോണ കൃമി കാരണമായി വീട്ടിൽ ഞാൻ മുടങ്ങിക്കിടക്കുന്നു. ഞാനും കൊറോണയാൽ ബാധിക്കപ്പെട്ടു 18 ദിവസങ്ങൾ ആശുപത്രിയിൽ കിടന്നു. സുഖമായി വെളിയിൽ വന്നു. ദൈവം എനിക്ക് ആയുസ്സിനെ ഭിക്ഷയായി തന്നു. അതോടുകൂടെ പഴയ ബലത്തെയും തിരികെ തന്നു. ഇത്ര കൃപ കാണിച്ച ദൈവത്തിന്റെ ഉദ്ദേശം ഞാൻ നിറവേറ്റണമല്ലോ? എന്റെ 82 വയസ്സു പ്രായത്തിനും അടുത്തടുത്തു വരുന്ന കൊറോണ കൃമിക്കും ഭയന്നു വീട്ടിൽ ഇരുന്നാൽ എന്റെ ആയുസ്സിനെ നീട്ടിത്തന്ന ദൈവത്തിന്റെ പദ്ധതി നിറവേറ്റാതെ പോകുമല്ലോ?

ആദ്യം മലയാള ജാമക്കാരൻ തർജ്ജമയ്ക്കുവേണ്ടി ഒരു ദിവസത്തേയ്ക്ക് തിരുവനന്തപുരത്തുവന്നു. തർജ്ജമ കഴിഞ്ഞശേഷം മടങ്ങിപ്പോയി. നേരത്തെ കൺവെൻഷനുവേണ്ടി വന്ന ക്ഷണക്കത്തു കൾ ഓരോരുത്തർക്കും ദിവസം കൊടുത്തു. ഇതുവരെ മൂന്നു കൺവെൻഷനിൽ ഞാൻ പ്രസംഗിച്ചു. ചെന്നൈ, മഹാരാഷ്ട്ര, കർണാടക എന്നീ സ്ഥലങ്ങളിൽ എന്റെ യോഗങ്ങൾ കൃപയോടുകൂടി നടന്നു കഴിഞ്ഞു. കർത്താവിന് മഹിമ ഉണ്ടാകട്ടെ.

# മുംബൈ-ബാഡൂപ്പ്-തമിഴ് മെതഡിസ്റ്റ് ചർച്ച് യോഗങ്ങൾ





മുംബൈയിൽ നടന്ന ഈ യോഗങ്ങൾ വളരെ അനുഗ്രഹമായി നടന്നു. കൊറോണ മരണ അസുഖത്തിൽ നിന്നും രക്ഷപ്പെട്ടുവന്ന എന്നെ ബോംബേയിൽ വളരെ ദൂരത്തു നിന്നും വന്ന മലയാളികളും തമിഴ് ആളുകളും വന്നു കണ്ട് പ്രാർത്ഥിച്ചുപോയി. കുടുംബത്തിൽ ജനിച്ച ഒരു ബന്ധുപോലെ എന്റെ വായനക്കാരും സഭാ ജനങ്ങളും എന്നെ കൂടുതലായി സ്നേഹിച്ചു. എല്ലാ പ്രസംഗങ്ങളും വീഡിയോ എടുത്ത് യുടൂബിലും വാട്സാപ്പിലും അയച്ചതായി അറിഞ്ഞു.

അച്ചന്മാരും സഭാകമ്മിറ്റിക്കാരും റെയിൽവേ സ്റ്റേഷനിൽ നേരിട്ടുവന്ന് മാലയിട്ടു എന്നെ സ്വീകരിച്ചു കൂട്ടിക്കൊണ്ടുപോയി. അച്ചന്മാർക്കും സഭക്കാർക്കും ആശംസകൾ പറയുന്നു. റവ. ക്രിസ്റ്റഫർ രാജ് അവർകളും



കമ്മിറ്റി അംഗങ്ങളും കൺവെൻഷൻ പ്രാർത്ഥന ഒരുക്കത്തോടെ നടത്തി. അതുകൊണ്ട് കൺവെൻഷൻ അനുഗ്രഹമായിരുന്നു. പലർക്കും രോഗസൗഖ്യം ഉണ്ടായി. അനേകർ രക്ഷിക്കപ്പെട്ടു.

# ബാംഗ്ലൂരിൽ നടന്ന യോഗങ്ങൾ







ബാംഗ്ലൂർ മെജസ്റ്റിക് അടുത്തുള്ള രാജാജി നഗർ മിസ്പാ ക്രിസ്ത്യൻ അസംബ്ലി ചർച്ച് യോഗങ്ങൾ അനുഗ്രഹമായിരുന്നു. പാസ്റ്റർ ബാബു അവർകൾ യോഗ ഏർപ്പാടുകൾ നന്നായി ചെയ്തു


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

- If Evolution is true, and man is only an accident,an aimless wanderer in time and space, moving futilely between points of illusionary happiness, tragedy,achievement,pain..
- If man is,himself, the greatest power over his existence and yet,in the multitudinous causes and effect surrounding him, even he has almost no control... [redacted]
- If man's hope is no more than to exist until by chance he ceases to exist-
If evolution is true, then there is no existence more miserable than man's because, of all living beings, he alone is hopeless and miserable, and he alone has the awareness of self to know it,
- who would champion such a depressing belief? and who would want to convert others to it, through subverting and destroying a faith based hope for a better life to come?

- betty burton choate

**OCTOBER-2022**

# Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
India - Rs.60/
Foreign - Rs.600/

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.